

# ദർശനം

**Voice of Karattukunnel**


കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജനപ്രസ്ഥാനം പ്രസിദ്ധീകരണം | പുസ്തകം 3 | ലക്കം 3 | ഏപ്രിൽ 2009 | പേജ് 6



The Malankara Orthodox Syrian Church

Catholicate of the East



## യുവജന പ്രസ്ഥാനത്തിന് പുതിയ പ്രസിഡന്റ്

കോട്ടയം: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ പുതിയ പ്രസിഡന്റായി അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ ചുമതലയേറ്റു. മുൻ പ്രസിഡന്റ് തൃശ്ശൂർ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തോസ് മെത്രാപ്പോലീത്താ മാറിയ ഒഴിവിലാണ് സുന്നഹദോസ് മാർ പോളിക്കർപ്പോസിനെ പ്രസിഡന്റായി തെരഞ്ഞെടുത്തത്.

**അഭി. യൂഹാനോൻ മാർ പോളിക്കർപ്പോസ് തിരുമേനിയുമായി കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജനപ്രസ്ഥാനം പ്രവർത്തകർ നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ. നാലാം പേജിൽ.**

# വി. മൂറോൻ കൂദാശ

### മലങ്കരയിലെ ഒമ്പതാമത് മൂറോൻ കൂദാശ  ദേവലോകത്ത് മൂന്നാം തവണ

കോട്ടയം: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ സഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ച് വിശുദ്ധ മൂറോൻ കൂദാശ നടത്തി.

ഏപ്രിൽ 3 (വലിയ നോമ്പിലെ 40-ാം വെള്ളി)-ന് രാവിലെ 7-മണിക്ക് അംശവസ്ത്രങ്ങളണിഞ്ഞ മേൽപ്പട്ടക്കാരും വൈദികരും പരിശുദ്ധ കാതോലിക്കാ ബാവായെ ഘോഷയാത്രയായി ദേവാലയത്തിലേക്ക് ആനയിച്ച ശേഷമാണ് വി. മൂറോൻ കൂദാശ ആരംഭിച്ചത്. ഏഴു മണിക്കൂർ ദൈർഘ്യമുണ്ടായിരുന്ന ശുശ്രൂഷയിൽ ശ്രേഷ്ഠ നിയുക്ത ബാവായും മറ്റു മെത്രാപ്പോലീത്താമാരും സഹകാർമ്മികത്വം വഹിച്ചു. വി. മൂറോൻ കൂദാശയുടെ പ്രത്യേക ശുശ്രൂഷയ്ക്കു ശേഷം വി. കുർബ്ബാനയോടും ആശീർവാദത്തോടും കൂടി ശുശ്രൂഷകൾ സമാപിച്ചു.

റവ. കെ. സി. ജോസഫ് റമ്പാൻ, പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർ ഫാ. കെ. വി. ജോസഫ്, പഴയസെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു കെ. ജോൺ എന്നിവരാണ് മൂറോൻ കൂദാശയുടെ കൂട്ടുകൾ തയ്യാറാക്കിയത്.



**വി. മൂറോൻ തൈലമടങ്ങിയ കുപ്പിയുമായി പ. ബാവാ**

# ആത്മതപനത്തിന്റെ നാളുകളിൽ സോറ്റീരിയാ - 2009

### റോണി ഏബ്രഹാം & കുര്യൻ തോമസ്

അമയന്നൂർ: കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജനപ്രസ്ഥാനത്തിന്റെ അനുബന്ധ പ്രസ്ഥാനമായ മാർ ദീവന്നാസ്യോസ് പ്രാർത്ഥനാ സംഗമത്തിന്റെ നേതൃത്വത്തിൽ വലിയനോമ്പിലെ മാർച്ചു 1 മുതലുള്ള 5 ഞായറാഴ്ചകളിൽ സോറ്റീരിയാ 2009 നടന്നു. നോമ്പ് എന്നത് മനുഷ്യനെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്ന ഒരു ഗോവണിയായി കണക്കാക്കാം. 5 ഞായറാഴ്ചകളിൽ നടന്ന സംഗമങ്ങൾ 5 പടികളായി കരുതുമ്പോൾ, അതിൽ ഒന്നിൽ എങ്കിലും നമ്മുക്കു കയറുവാൻ സാധിച്ചെങ്കിൽ ഈ സംഗമങ്ങൾ മൂലം നമ്മുടെ ഇടവക ധന്യമായി. ആത്മീയ പ്രസ്ഥാനത്തനങ്ങൾക്ക ഒരു പുതിയ ഉണർവ്വ് ഉണ്ടായി എന്നു കണക്കാക്കാം. 2009 മാർച്ച് മാസം 1-ാം തീയതി സഭയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ ഡോ. തോമസ് മാർ അത്താനാസിയോസ് തിരുമേനിയാൽ ഉത്ഘാടനം ചെയ്യപ്പെട്ട സോറ്റീരിയ -09 ഇടവകയിൽ ഒരു ആത്മീയ



ഉണർവ്വ് തന്നെ ഉണ്ടാക്കി.


**2-ാം ദിവസം:**

8-ാം തീയതി പരിശുദ്ധ കാതോലിക്കാ ബാവായുടെ സെക്രട്ടറിയായ ഫാ. ഡോ. സാബു കുര്യാക്കോസ് പുറപ്പാട് പുസ്തകം 3-ാം അദ്ധ്യായം 3-6 വരെയുള്ള വാക്യങ്ങളെ

*(ശേഷം ആറാം പേജിൽ)*

# റമ്പാൻ സ്ഥാനത്തേക്ക്

പരുമല: പരുമല സെമിനാരി മാനേജർ റവ. ഫാ. എം. ഡി. ജോൺ, അസി. മാനേജർ റവ. ഫാ. കെ. വി. ജോസഫ് എന്നിവർ പ. കാതോലിക്കാബാവായുടെയും ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവായുടെയും പ്രധാന കാർമ്മികത്വത്തിൽ ഏപ്രിൽ 15-ാം തീയതിയിൽ പരുമലയിൽ വച്ച് റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു.



**ഫാ. എം. ഡി. ജോൺ, ഫാ. കെ. വി. ജോസഫ്**

# O. V. B. S.

**19-4-2009 മുതൽ 25-4-2009 വരെ**

**കാരാട്ടുകുന്നേൽ പള്ളിയിൽ**

# മലങ്കരസഭയ്ക്ക് നവ സപ്തർഷികൾ



യൂഹാനോൻ മാർ പോളിക്കർപ്പോസ് (അങ്കമാലി), മാത്യൂസ് മാർ തേവോദോസിയോസ് (ഇടുക്കി), ഡോ. ജോസഫ് മാർ ദീവന്നാസിയോസ് (കൽക്കട്ട, ഡൽഹി അസി.), ഏബ്രഹാം മാർ എപ്പിഫാനിയോസ് (സുൽത്താൻബത്തേരി, ബാംഗ്ലൂർ അസി.), ഡോ. മാത്യൂസ് മാർ തീമോത്തിയോസ് (യൂറോപ്പ് - ആഫ്രിക്ക), അലക്സന്ത്രയോസ് മാർ യൗസേബിയോസ് (സൗത്ത് വെസ്റ്റ് അമേരിക്ക), ഡോ. യൂഹാനോൻ മാർ ദീയസ്കോറസ് (മദ്രാസ്)


**പ. പരുമല തിരുമേനീ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ**



**ഒ. എം. നൈനാൻ & ഫാമിലി ഉടുമ്പനാട്ട്**

## എഡിറ്റോറിയൽ

ദർശനം

പുസ്തകം 3 ലക്കം 3 ഏപ്രിൽ 2009

പ്രിയപ്പെട്ട വായനക്കാരെ;

ദർശനത്തിന്റെ പുതിയ പതിപ്പ് പ്രസിദ്ധീകരിക്കുന്ന ഈ അവസരം സഭാ വർഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലയളവാണ്. വലിയനോമ്പും, കഷ്ടാനുഭവവും പിന്നിട്ട് ഉയർപ്പിലെത്തി നിൽക്കുന്ന ഈ അവസരം വളരെ സന്തോഷപ്രദമാണ്. നോമ്പിലെ ഞായറാഴ്ചകളിൽ യുവജന പ്രസ്ഥാനം സംഘടിപ്പിച്ച സോറ്റീരിയാ 2009 പുതിയൊരനുഭവമായി എന്ന് കരുതുന്നു. അടുത്ത വർഷവും ഏവരുടെയും സഹകരണത്താൽ  പ്രാർത്ഥനാ സംഗമം നടത്താനാവുമെന്നാണ് പ്രവർത്തകരുടെ വിശ്വാസം.

സഭ ഏഴു പുതിയ മേല്പട്ടക്കാരെ വാഴിച്ചതിന്ശേഷം നടന്ന മൂറോൻ കൂദാശ, നോമ്പിനെ ദൈവസാന്നിദ്ധ്യത്തിന്റെ പരമമായ അവസ്ഥയിൽ എത്തിച്ചിരിക്കുന്നു. നാമും ആ ദിവ്യാനുഗ്രഹത്തിൽ പങ്കാളികളാണല്ലൊ.

നമ്മുടെ ഇടവകയുടെ പുതിയ ഭരണ സമിതിക്ക് യുവജനപ്രസ്ഥാനത്തിന്റെ എല്ലാ വിധ ആശംസകളും നേരുന്നു. നല്ല രീതിയിൽ പ്രവർത്തിച്ച കഴിഞ്ഞ ഭരണസമിതിയെ അനുമോദിക്കുകയും ചെയ്യുന്നു.

യുവജനപ്രസ്ഥാനത്തിന് നവോന്മേഷം നല്കിയ അഭി. യൂഹാനോൻ മാർ മിലിത്തോസ് തിരിമേനിയുടെ പിൻഗാമിയായി നിയമിതനായ അഭി. യൂഹാനോൻ മാർ പോളിക്കർപ്പോസ് തിരുമേനിക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

രാജ്യം ഒരു തിരഞ്ഞെടുപ്പിലേക്ക് നീങ്ങുന്ന ഈ അവസരത്തിൽ നല്ല ഭരണാധികാരികളുണ്ടാവുന്നതിനായി പ്രാർത്ഥിക്കുകയും വോട്ട് ചെയ്യുകയും ചെയ്യാം.

ഉയർത്തെഴുന്നേറ്റവനായ ക്രിസ്തുവാണ് സഭയുടെ അടിസ്ഥാനം. തന്നെ ആദ്യമായി കണ്ട ശിഷ്യന്മാർക്ക് യേശു നൽകുന്നത് സമാധാനമാണ്. യേശു ഉള്ളയിടത്ത് ഭയം നീങ്ങി സമാധാനം ഉണ്ടാകുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരങ്ങളുമുള്ള യേശുക്രിസ്തു ജീവിതത്തിൽ ഉടനീളം ഉണ്ടാകുവാൻ ഈസ്റ്റർ മുഖാന്തിരമാകട്ടെ. എല്ലാ വായനക്കാർക്കും ഈസ്റ്റർ മംഗളങ്ങൾ നേർന്നുകൊണ്ട്

നിങ്ങളുടെ എഡിറ്റർ,

**സ്ലീബാ സി. ഏബ്രഹാം**

## ദർശനം എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരി**
റവ: ഫാ: തോമസ് ആൻഡ്രൂസ്


**എഡിറ്റർ**
സ്ലീബാ സി ഏബ്രഹാം

**മെമ്പേഴ്സ്**
റോണി ഏബ്രഹാം
സന്തോഷ് ഏബ്രഹാം
റോയി ജേക്കബ്
ജോഷി ഒ. ജെ.
അനീഷ് പി. സ്കറിയ
ടിൻസു ജോൺ

**യുവ വീക്ഷണം**

## യുവാക്കളും പ്രതികരണങ്ങളും

**മനു**



**ജീ**വിതത്തിൽ പ്രശ്നങ്ങൾ ഇല്ലാത്തവരായി ആരും തന്നെ ഇല്ല. ദാരിദ്ര്യം, രോഗാവസ്ഥ, മക്കളെ കുറിച്ചുള്ള വ്യാകുലത, ദുശ്ശീലങ്ങളാൽ വീർപ്പുമുട്ടുന്നവർ ഇങ്ങനെ നീളുന്നു ആ പട്ടിക. ഈ സാഹചര്യങ്ങളോട് പലരും വ്യത്യസ്ത രീതിയിലാണ് പ്രതികരിക്കുന്നത്. ഈ അവസ്ഥ വളരെ ദുഃഖകരവും അപകടകരവുമാണ്. ഇത് ഒരു മനുഷ്യന്റെ പരാജയത്തിന് കാരണമാകുന്നു. പ്രതികരണങ്ങൾ സൂക്ഷ്മവും സമയോജിതവുമായിരിക്കണം ചില പ്രതികരണങ്ങളിലേക്ക്.

1) നിഷ്ക്രിയമായ അവസ്ഥയിലേക്ക് മാറുന്നവർ.

2) പൂർവ്വകാല നേട്ടങ്ങൾ താലോലിച്ച് ദിവാസ്വപ്നങ്ങളിൽ കഴിയുന്നവർ.

3) രോഗങ്ങൾ മൂലം ജീവിതത്തിൽ തളർന്നു പോകുന്നവർ.


4) ജീവിത പ്രയാസങ്ങളെ അല്പ സമയത്തേക്ക് മാറ്റി വയ്ക്കാൻ വെമ്പൽ കൊണ്ട് മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്നവർ.

5) പ്രശ്നങ്ങൾ സങ്കീർണ്ണമാകുമ്പോൾ ആത്മഹത്യ തെരഞ്ഞെടുക്കുന്നവർ.

ഇത്തരത്തിൽ പ്രതികരിക്കുന്നത് കൂടുതലായും യുവാക്കളാണ്.

പ്രതിസന്ധികളോട് അലസമായി പ്രതികരിക്കുന്ന നമ്മുക്ക് എന്തും വരട്ടെ അത് പ്രശ്നമുള്ള കാര്യമല്ല എന്ന മനോഭാവമാണ്. ഈ ചിന്താഗതി മാറ്റിവച്ച് ദൈവത്തിൽ കുടുതൽ സമർപ്പിക്കുമ്പോൾ ജീവിതം വിജയപ്രദമാക്കുവാൻ സാധിക്കും.

## സൺഡേസ്കൂൾ 10-ാം ക്ലാസ്സ് പരീക്ഷയിൽ (2008) ഒന്നും രണ്ടും സ്ഥാനം നേടിയവർ



I[st] ബോബി കെ. ഏബ്രഹാം, കാരക്കലോലിക്കൽ



II[nd] നീനു സൂസൻ മാത്യു, കാരക്കലോലിക്കൽ

**ധ്യാനപീഠം**

# നോമ്പാം വാൾ!

**ഫാ. വറുഗീസ് മാത്യു (സുനിലച്ചൻ)**





**യേ**ശുതമ്പുരാന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നത് നാൽപ്പത് ദിവസത്തെ നോമ്പിന് ശേഷമാണ് (ലൂക്കോസ് 4:1) കർത്താവിന്റെ പഠിപ്പിക്കലുകളിൽ നോമ്പും ഉപവാസവും ശക്തമായ പ്രമേയമാണ്(മത്തായി 17: 21) "പ്രർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല" പ്രാർത്ഥനയും ഉപവാസവുമാണ് ഒരു ക്രിസ്ത്യാനിയെ പ്രതിസന്ധികളിലും പ്രലോഭനങ്ങളിലും ജയോൽസവമായി നടത്തുന്നത്. അന്ധകാര സൈന്യങ്ങൾക്കെതിരായ ശക്തമായ ആയുധമാണ് നോമ്പ്.

നോമ്പിലൂടെ നമ്മുടെ അകക്കാമ്പ് ശുദ്ധീകരിക്കപ്പെട്ട് മലിനതകൾ മാറി, മനം പുതുതാക്കപ്പെടുന്നു. തെളിഞ്ഞ മനസ്സിൽ ദൈവമുഖം പ്രതിഫലിക്കപ്പെട്ട് ദൈവീകരായി രൂപാന്തരപ്പെടുന്നു. ഇങ്ങനെയുള്ളവർ സമാധാന വാഹകരായി നിലക്കൊള്ളുന്നു.

ഉല്പത്തി പുസ്തകം 8 -ാം അദ്ധ്യായം പരിശോധിക്കുമ്പോൾ നോഹ പ്രളയമാകുന്ന പ്രതിസന്ധിയിൽ പെട്ടകത്തിൽ യാത്ര ചെയ്യുന്നതായി കാണുന്നു. പെട്ടകം അരാരാത്ത് പർവ്വതത്തിൽ ഉറച്ചെങ്കിലും വെള്ളം കുറഞ്ഞിരുന്നില്ല. സന്ദേശ വാഹകരായി നോഹ മലങ്കാക്കയെയും പ്രാവിനെയും അയക്കുന്നതായി കാണുന്നു. മലങ്കാക്ക വെള്ളം വറ്റുന്നതു വരെ പോയും വന്നും കൊണ്ടിരുന്നു. എന്നാൽ പ്രാവ് സമാധാന ചിഹ്നമായി ഒരു പച്ച ഒലിവില പെട്ടകത്തിൽ കൊണ്ടു വരുന്നു.

**പെ**ട്ടകത്തിലുള്ളവർക്ക് സമാധാന സന്ദേശം നൽകുവാൻ പ്രാവിന് കഴിഞ്ഞത് എന്തുകൊണ്ട്?

**1) പ്രാവ് നോമ്പ് നോറ്റു.**

പ്രാവ് എന്ന വാക്ക് തന്നെ നമ്മിൽ സമാധാനത്തിന്റെ ചിന്ത ധ്വനിപ്പിക്കുന്നു. വളരെ ശുദ്ധിയുള്ള ഒരു പക്ഷിയാണ് പ്രാവ്. അശുദ്ധമായതൊന്നും അത് ഭക്ഷിക്കുന്നില്ല. എന്നാൽ കാക്ക എല്ലാ മലിനതകളിലും ഇരിക്കുകയും എന്തും ഭക്ഷിക്കുകയും ചെയ്യുന്നു. ഭക്ഷണ സാധനങ്ങളുടെ മുമ്പിൽ സംയമനം പാലിക്കുന്നില്ല. ഭക്ഷണനിയന്ത്രണം നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രധാന ഭാഗമാണ്. പ്രാവ് വളരെ മിതമായി ഭക്ഷിക്കുകയും വിശുദ്ധമായതു ആഹരിക്കുകയും ചെയ്യുന്നു. മിത ഭക്ഷണം ശീലമാക്കി നമുക്കും നോമ്പ് നോൽക്കാം. അശുദ്ധമായതു സകലതും ഉപേക്ഷിച്ച് നോമ്പിലൂടെ പുതിയ സൃഷ്ടികളായി രൂപാന്തരപ്പെടാം.

**2) പ്രാവ് അനുതാപത്തിൽ നിറഞ്ഞു.**

തങ്ങൾക്കുണ്ടായ പ്രതിസന്ധിയിൽ പ്രാവ് അനുതപിക്കുന്നു. പ്രാവിന്റെ കുറുകലും, ആർദ്രതയുള്ള കണ്ണുകളും അനുതാപത്തെ സൂചിപ്പിക്കുന്നു. തന്റെസാഹചര്യത്തിൽ നിന്ന് പ്രാവ് ഓടിഒളിക്കുന്നില്ല. കാക്ക പക്ഷേ സാഹചര്യത്തിൽ നിന്ന് ഓടി ഒളിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷിയാണ്. അനുതപിക്കുവാൻ അതിന് സമയവും ആഗ്രഹവുമില്ല. സമാധാന കാംക്ഷിയാണ്. പ്രാവിനെപ്പോലെ നിഷ്കളങ്കരായിരിപ്പാൻ കർത്താവ് ആഹ്വാനം നൽകുന്നുണ്ട്. ശിശുസഹജമായ നിർമ്മലത കപോതത്തിൽ ദർശിക്കാം. തന്നെ ഉപദ്രവിക്കാൻ വരുന്നവരെപ്പോലും ദ്വേഷിക്കാതെ സ്നേഹത്തിന്റെ ഉദാത്തഭാവം ഈ പറവജാതി കാട്ടിതരുന്നു. അനുതാപത്തിന്റെ പൂർണ്ണതയിൽ ജീവിത വ്യതിയാനം സാദ്ധ്യമാക്കുന്നു.

**3) പ്രാവ് സഹജസ്നേഹത്തിൽ നിറഞ്ഞു.**

പ്രാവിന്റെ ജീവിതം നോമ്പിലും അനുതാപത്തിലും മാത്രം ഒതുങ്ങന്നതായിരുന്നില്ല. നോമ്പിന്റെ പൂർത്തികരണമായ ദൈവസ്നേഹവും സഹോദര സ്നേഹവും ഈ പക്ഷിയിൽ രൂഢമൂലമായിരുന്നു. പെട്ടകത്തിലേക്ക് പച്ച ഒലിവില കൊണ്ടുവന്ന പ്രാവ് സഹജർക്ക് ഒരു ആശ്വാസമായി മാറി. തന്റെ സഹജരെ ഈ പക്ഷി മറക്കുന്നില്ല. എന്നാൽ കാക്കയാകട്ടെ വെള്ളം കുറഞ്ഞതിന് ശേഷം തിരികെ വന്നില്ല. കാക്കയ്ക്ക് ധാരാളം ചീഞ്ഞ വസ്തുക്കളും അഴുകിയ സാധനങ്ങളും ലഭിച്ചത് കൊണ്ട് സഹജരെ സ്മരിക്കുവാൻ കഴിയുന്നില്ല.

നോമ്പിൽ വിശപ്പുള്ളവർക്ക് അപ്പം നുറുക്കികൊടുക്കുന്നതും അലഞ്ഞു നടക്കുന്ന സാധുക്കളെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ ഉടുപ്പിക്കുന്നതും മാംസരക്തങ്ങളായിരിക്കുന്നവർക്ക് നമ്മെ തന്നെ മറയ്ക്കാതിരിക്കുന്നതും, ദൈവപ്രസാദമുള്ള യാഗമാണെന്ന് പ്രവാചകൻ ഓർമ്മപ്പെടുത്തുന്നു.(യെശയ്യാവ് 58:7)


സഹജ വൃന്ദത്തെ കരുതുന്ന മനസ്സ് ദൈവ സ്നേഹത്തിൽ നിന്നാണ് രൂപാന്തരപ്പെടുന്നത്. ദൈവസ്നേഹം സഹോദരന്മാരെ കരുതുവാനും നന്മ ചെയ്യുവാനും പ്രേരിപ്പിക്കും. നന്മ ചെയ്യുവാൻ നിനക്ക് പ്രാപ്തി ഉള്ളപ്പോൾ അതിന് യോഗ്യന്മാരായിരിക്കുന്നവർക്ക് ചെയ്യാതിരിക്കരുത് എന്ന് ശലോമോൻ രാജാവ് രേഖപ്പെടുത്തിയിരിക്കുന്നു. (സദൃശവാക്യങ്ങൾ 3: 27) നന്മ ചെയ്യാൻ അറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നത് പാപമാണ്.

നല്ല നോമ്പും അനുതാപവും ദൈവസ്നേഹവും നമ്മെ അതിന് ഉപകരിക്കും. കഷ്ടതയിലും നഷ്ടത്തിലും ഇരിക്കുന്ന ഭവനങ്ങൾക്ക് നാം പച്ച ഒലിവിലകളായ് മാറണം.

പ്രാവിനെപ്പോലെ നോമ്പ് നോറ്റ് അനുതാപത്തിൽ നിറഞ്ഞ് സഹജ സ്നേഹത്തിൽ വർത്തിപ്പാൻ ഈ പരിശുദ്ധ നോമ്പ് സഹായിക്കട്ടെ.

## ഹാപ്പി ഈസ്റ്റർ

**അമീറ സാറാ തോമസ് മള്ളിയിൽ (Std II)**





മാനവരക്ഷക്കായി പിറന്നോരു
താരകമാണല്ലോ യേശുദേവൻ
മനുഷ്യരക്ഷക്കായും ലോകരക്ഷക്കായും
കാൽവരിക്രൂശിൽ തൂങ്ങിയല്ലോ...
ഏലോഹീ ഏലോഹീ ലമ്മാ ശബക്താനി...
എന്നുച്ചത്തിൽ നിലവിളിച്ചേശുനാഥൻ
അരികെ നിന്നോരവനു കുടിപ്പാനായി
പുളിവീഞ്ഞേകിയല്ലോ....
പ്രാണൻ വെടിഞ്ഞോര് നേരത്ത്
ദേവാലയ മറ രണ്ടായികീറിയല്ലോ...
ഇതു കണ്ടു നിന്നൊരു ശതാധിപൻ ചൊന്നു.


ഈ മനുഷ്യൻ ദൈവ പുത്രൻ തന്നെ
അരിമത്യയിലെ യോസഫിൻ കൈയ്യിൽ
പീലാത്തോസ് യേശുവിൻ ഉടൽ നൽകി
ശീലയിൽ ചുറ്റിപ്പൊതിഞ്ഞോരുടലവൻ
പാറയിൽ വെട്ടീട്ടുള്ളോരു കല്ലറയിൽ വെച്ചല്ലോ...
ആഴ്ച്ചവട്ടത്തിൻ ഒന്നാം നാൾ
അത്ഭുതപ്പെട്ടല്ലോ കല്ലറ വാതുക്കലെത്തിയോർ
അവിടന്നൊരു മാലാഖയരുൾ ചെയ്തിങ്ങനെ
ദൈവപുത്രൻ ഉയർത്തേഴുന്നേറ്റല്ലോ....

# വികാരി എഴുതുന്നു...

"ദൈവ തിരുനാമത്തിന് മഹത്വം ഉണ്ടാകട്ടെ. കർത്താവിൽ വാത്സല്യമുള്ളവരെ.....

നമ്മുടെ ഇടവകയുടെ പുരോഗതിയിൽ എന്നോടൊപ്പം പ്രവർത്തിക്കുന്ന നിങ്ങളെ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ. നോമ്പിനെ പുതിയൊരു അനുഭവമാക്കി തീർക്കുന്നതിന് സോറ്റീരിയ 2009 സഹായകമായി. ഈ പ്രാർത്ഥന സംഗമത്തെ വിജയകരമാക്കി തീർത്ത എല്ലാ ഇടവകാംഗങ്ങളെയും യുവജന പ്രസ്ഥാനം പ്രവർത്തകരെയും അഭിനന്ദിക്കുന്നതിന് ഈ അവസരം വിനിയോഗിക്കുന്നു. പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഡിസ്ട്രിക്റ്റിലെ മികച്ച യൂണിറ്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടതിലുള്ള സന്തോഷവും ഇതോടൊപ്പം പങ്കുവെയ്ക്കുന്നു.

കർത്താവിൽ പ്രിയരെ, ക്രിസ്തീയ ആരാധനയും പ്രാർത്ഥനയും അർത്ഥപൂർണ്ണമാകണമെങ്കിൽ ഉയർത്തേഴുന്നേറ്റ യേശുവിലുള്ള വിശ്വാസം നിശ്ചയമായും ഉണ്ടായിരിക്കണം. യേശു ഉയർത്തേഴുന്നേറ്റ് ജീവിക്കുന്നുന്നില്ലെങ്കിൽ നമ്മുടെ ആരാധനയും പ്രാർത്ഥനയും അർത്ഥശൂന്യമാണ്.



ആയതിനാൽ ഉയർത്തേഴുന്നേറ്റവനായ ക്രിസ്തു പൂർണ്ണമായ രക്ഷയുടെ അനുഭവം നമുക്ക് തരുന്നു. ചെയ്തുപോയ പാപങ്ങളുടെ വിഷമിപ്പിക്കുന്ന ഓർമ്മയിൽ നിന്ന് നമ്മെ രക്ഷിക്കും. തെറ്റും പാപവും ചെയ്തുപോകുന്ന ബലഹീനതയിൽ നിന്ന് അവൻ നമ്മെ രക്ഷിക്കും. പാപത്തെ ജയിക്കുവാനുള്ള ശക്തി അവൻ നമുക്ക് തരുന്നു.


ഈ ഈസ്റ്റർ ദിനത്തിലൂടെ എനിക്കും നിങ്ങൾക്കും പാപത്തെ ജയിക്കുവാനുള്ള ശക്തി ലഭിക്കട്ടെ എന്നാശംസിക്കുന്നു. എല്ലാവർക്കും എന്റെ ഈസ്റ്റർ ആശംസകൾ നേരുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം നിങ്ങളുടെ സ്വന്തം വികാരിയച്ചൻ

**ഫാ. തോമസ് ആൻഡ്രൂസ് മള്ളിയിൽ**

**അനുസ്മരണം**

# നമുക്ക് മാതൃകയായി രണ്ട് പിതാക്കന്മാർ



**പ്രൊഫ. പി. സി. ഏലിയാസ്**
**(പി. ആർ. ഒ., മലങ്കരസഭ)**





പ്രതിബദ്ധതയുടെ പ്രവാചകനെന്ന് പ്രസിദ്ധനായ അഭി. ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയും സൗമ്യതേജസ് എന്ന് സകലരും സമ്മതിക്കുന്ന അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയും കാലയവനികയക്കുള്ളിൽ മറഞ്ഞു. എന്നാൽ ആ പിതാക്കന്മാരുടെ വാക്കുകളും പ്രവർത്തികളും മലങ്കര സഭാമക്കളെ പ്രചോദിപ്പിക്കും.

1931 ജൂൺ 16 -ന് പത്തനംതിട്ട നാരങ്ങാനം പുത്തൻ പറമ്പിൽ തോമസിന്റെയും സാറാമ്മയുടെയും മകനായി ജനിച്ച 'ഫിലിപ്പോസ്' മഹാപുരോഹിത സ്ഥാനത്ത് എത്തി തുമ്പമൺ ഭദ്രാസനാധിപനായി. 2009 ജനുവരി 21- ന് കാലം ചെയ്തു. ഇന്ത്യൻ റെയിൽവെയിലെ ഉദ്യോഗം ഉപേക്ഷിച്ച് വേദശാസ്ത്ര പഠനത്തിന് ഇറങ്ങിതിരിച്ച യുവാവിന്റെ മാതൃക അനവധി കാണാനില്ലാത്തതാണ്. സ്ലീബാദാസ സമൂഹസ്ഥാപകൻ പത്രോസ് മാർ ഒസ്താത്തിയോസ്, തടാകം ആശ്രമത്തിലെ ബിഷപ് വെക്കൻ ഹാം വാൽഷ്, പുത്തൻകാവിൽ കൊച്ചു തിരുമേനി എന്നിവരാണ് ഈ വഴി തെരഞ്ഞെടുക്കാൻ പ്രചോദിപ്പിച്ചതെന്ന് തിരുമേനി ആവർത്തിക്കുന്നത് അനവധി തവണ കേട്ടിട്ടുണ്ട്. തടാകം ആശ്രമവും ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനവും തിരുമേനിക്ക് പ്രീയപ്പെട്ട പ്രവർത്തന മേഖലകളായിരുന്നു. വിദ്യാർത്ഥി പ്രസ്ഥാനം സെക്രട്ടറിയായും, 100-ാം വാർഷികം ആഘോഷിച്ചപ്പോൾ പ്രസ്ഥാനം പ്രസിഡണ്ടായും പ്രവർത്തിക്കാൻ തിരുമേനിയ്ക്ക് കഴിഞ്ഞു.

1928 നവംമ്പർ 25 -ന് ചെങ്കുളം കുട്ടറഴികത്ത് കുരികേശുവിന്റെയും ശോശാമ്മയുടെയും മകനായി ജനിച്ച കെ. മത്തായിയാണ് പിന്നീട് കൊല്ലാം ഭദ്രാസനാധിപനായ അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനിയായി വളർന്നത്. സുദീർഘ കാലം അദ്ധ്യാപകനായിരുന്നു. ഹെഡ്മാസ്റ്റർ എന്ന നിലയിൽ സേവനം പൂർത്തിയാക്കിയതിന് ശേഷമാണ് ഫാ. മത്തായി എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നത് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതിയൻ ബാവാ മെത്രാപ്പോലീത്താ ആയിരുന്ന കാലത്ത് "എന്റെ കൂടെ വരുന്നോ?" എന്ന ചോദ്യത്തിലൂടെ നൽകിയ പ്രചോദനമാണ് കെ. മത്തായിയുടെ ജീവിതത്തിൽ വഴിതിരിവായത്. 2009 ഫെബ്രുവരി 9 ന് കാലം ചെയ്തു.

കാലം ചെയ്ത അഭിവന്ദ്യ പിതാക്കന്മാരുടെ പ്രാർത്ഥനയിലും മധ്യസ്ഥതയിലും നമുക്ക് അഭയം തേടാം.

## പുതിയ മെത്രാപ്പോലീത്താമാരും ഭദ്രാസനങ്ങളും

യൂഹാനോൻ മാർ പോളിക്കർപ്പോസ് (അങ്കമാലി), മാത്യൂസ് മാർ തേവോദോസിയോസ് (ഇടുക്കി), ഡോ. ജോസഫ് മാർ ദീവന്നാസിയോസ് (കൽക്കട്ട, ഡൽഹി അസി.), ഏബ്രഹാം മാർ എപ്പിഫാനിയോസ് (സുൽത്താൻബത്തേരി, ബാംഗ്ലൂർ അസി.), ഡോ. മാത്യൂസ് മാർ തീമോത്തിയോസ് (യൂറോപ്പ് - ആഫ്രിക്ക), അലക്സിയോസ് മാർ യൗസേബിയോസ് (സൗത്ത് വെസ്റ്റ് അമേരിക്ക), ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് (മദ്രാസ്)

**മെഡിവിഷൻ**

# നോമ്പും ഉപവാസവും ആരോഗ്യതലങ്ങൾ

**എം. കുര്യൻ (പ്രകൃതി ജീവന സമിതി സെക്രട്ടറി)**

നോമ്പ്, ഉപവാസം തുടങ്ങി വൃതാനുഷ്ഠാനങ്ങൾ ആത്മീയ ഔന്നത്യത്തിനുള്ള ഉപാധി എന്ന നിലയിൽ സർവ്വ മതങ്ങളിലും ആചരിച്ച് വരുന്നു. മതങ്ങൾ അല്ലെങ്കിൽ ആത്മീയ പ്രസ്ഥാനങ്ങൾ സ്ഥാപിച്ച ആചാര്യന്മാർക്ക് പ്രകൃതിയുടെ രഹസ്യം അറിയാമായിരുന്നു. അവർ തുടക്കം ഇട്ട അനുഷ്ഠാനങ്ങളും അവരുടെ പഠിപ്പിക്കലുകളും മനുഷ്യനുവേണ്ടി മാത്രമല്ല. സമസ്ത ജീവ വർഗ്ഗങ്ങളുടെയും, ഭൂമിയുടെയും തന്നെ നിലനിൽപ്പിന് ആവശ്യമായ അലംഘനീയമായ  ഉപദേശങ്ങൾ ആയിരുന്നു.

ജീവനുള്ള ഏതിനും അതിന്റെ നിലനില്പിന് ഭക്ഷണം ഒഴിച്ചു കൂടാൻ പാടില്ലാത്തതാണ്. എന്നാൽ ലംഘനവും (ഭക്ഷണം വേണ്ടാ എന്ന് വയ്ക്കുന്നത്) ജീവന്റെ നിലനില്പിന് അവശ്യമായ ഒന്നാണ് ആത്മീയതയ്ക്ക്വേണ്ടിനിഷ്കർഷിച്ചിട്ടുള്ള ഉപവാസത്തിന് ഒരു ഭൗതീക അടിത്തറ കൂടിയുണ്ട്. മനുഷ്യൻ ശരീരം, മനസ്സ്, ആത്മാവ് എന്നിവയുടെ സംയോജനമാണ് ശരീരവും, മനസ്സും, ലൗകീകതയുമായി ബന്ധപ്പെട്ടതും ആത്മാവ് അഭൗമീകവുമാണ്. ആത്മാവിന്റെ പ്രഭാവം ശരീര മനസ്സുകളുടെ ശക്തിയേയും സുതാര്യതയേയും ആശ്രയിച്ചാണിരിക്കുന്നത്. ശരീരമാദ്യം ഖലുധർമ്മ സാധന ധർമ്മം സാധിക്കണമെങ്കിൽ ആദ്യമേ ശരീരം ശരിയായിരിക്കണം ആരോഗ്യമുള്ള ശരീരം ആത്മീയതക്ക് അവശ്യം വേണ്ടതാണ് ശരീരം ആരോഗ്യമുള്ളതായാൽ മാത്രമേ മനസ്സും ആരോഗ്യമുള്ളതാകുകയുള്ളു. മനസ്സിനെ നിയന്ത്രിക്കുന്നത് ആയിരം കുതിരകളെ നിയന്ത്രിക്കുന്നതിലും വിഷമകരമാണ്. ചഞ്ചലപ്പെടുന്ന മനസ്സ് ആരോഗ്യമുള്ളതല്ല വൃതാനുഷ്ഠാനങ്ങളിലൂടെ ആദ്യം ജീവ ശരീരത്തെ കരുത്തുള്ളതാക്കുന്നു. അടുത്ത പടിയിലാണ് ക്ഷമയും സംയമനവും ഇന്ദ്രിയനിഗ്രഹവും സാധിക്കുന്നത്. ഭക്ഷണത്തിൽ സ്വയം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതും ഭക്ഷണം വേണ്ടെന്ന് വെയ്ക്കുന്നതും അത്ര എളുപ്പമല്ല. പക്ഷേ അതു സാധിച്ചാൽ സകലതും സാധിക്കും 'ജിതേ സർവ്വ ജിതേ രസേ' രസനേന്ദ്രി- രസനേന്ദ്രിയത്തെ ജയിച്ചവൻ സർവ്വത്തെയും ജയിക്കുന്നവെന്നർത്ഥം വൃതാനുഷ്ഠാനങ്ങളിലുടെ ശരീരത്തിന്റെയും മനസിന്റെയും ആരോഗ്യം വർദ്ധിക്കുകയും അതു വഴി ആത്മാവിന്റെ അമരത്വം കരഗതമാവുകയും ചെയ്യുന്നു.

ക്രൈസ്തവർക്കിത് നോമ്പു കാലമായിരുന്നു 50 നോമ്പ് 25 നോമ്പ് ഇവ ലോകത്തുള്ള ഒട്ടുമിക്ക സഭകളിലുമുണ്ട് മത്സ്യം, മാംസം, മുട്ട, പാൽ, മദ്യം, ചായ, കാപ്പി, ഇവ വർജ്ജിക്കുക. ഒരു നേരം മാത്രം ഭക്ഷണം കഴിക്കുക. യാമം തോറും പ്രാർത്ഥിക്കുക. ഇവയാണ് നോമ്പ് കാലത്തെ നിഷ്ഠ. സത്യ സന്ധമായി ഈ രീതിയിൽ നോമ്പ് അനുഷ്ഠിച്ചാൽ അനവധി നേട്ടങ്ങൾ ഉണ്ടാകും സംശയമില്ല. വർഷത്തിൽ 75 ദിവസം ഇത്തരം നിഷ്ഠകൾ പാലിച്ചാൽ ഒരു രോഗവും കൂടാതെ ജീവിക്കുവാൻ കഴിയും പ്രകൃതി ചികത്സയിൽ ഉപവാസം രോഗസൗഖ്യത്തിനുള്ള ഉപാധിയായി പാലിച്ചു വരുന്നു. ക്രിസ്തു ദൈവ പുത്രനായിരുന്നിട്ടും തന്റെ പരസ്യ വേലയ്ക്ക് ഉപവാസം അനുഷ്ഠിക്കുന്നതിലൂടെയാണ് ദൈവഹിതം നിറവേറ്റുവാനുള്ള ശക്തി ആർജിക്കുന്നത്. മർത്യജീവിതത്തിൽ ക്രിസ്തുവിന് ഉപവാസം അത്ര ആവശ്യമായിരുന്നുവെങ്കിൽ ബലഹീനതകൾ മാത്രമുള്ള നിസ്സാരൻമാരായ നമുക്ക് അത് എത്രമാത്രം വേണ്ടതാണെന്ന് ചിന്തിക്കുക. വി. മത്തായി 17: 14 - 21 വരെയുള്ള ഭാഗം വൃതാനുഷ്ഠാനങ്ങളെപ്പറ്റി കർത്താവിന്റെ തന്നെ വെളിപ്പെടുത്തലാണ്. രോഗമുക്തിക്ക് നോമ്പും ഉപവാസവും ആവശ്യമാണ്. ജീവിവർഗ്ഗങ്ങൾ തങ്ങളുടെ ആരോഗ്യത്തിൽ പതനമുണ്ടാകുമ്പോൾ സഹജമായ വാസനയാലായിരിക്കും ഭക്ഷണം ഉപേക്ഷിച്ച് ഉപവസിക്കുന്നത്.

**ഉപവാസത്തിലൂടെയും നോമ്പിലൂടെയും ലഭിക്കുന്ന ആരോഗ്യ നേട്ടങ്ങൾ**

1) ശരീരത്തിൽ കെട്ടികിടക്കുന്ന മലിന വസ്തുക്കളെ പുറം തള്ളാൻ പ്രാണന് സമയം കിട്ടുന്നു. 2) പ്രധാന അവയവങ്ങൾക്ക്(ഹൃദയം, വൃക്കൾ, കരൾ രക്തം എന്നിവയ്ക്ക്) വിശ്രമം കിട്ടുകയും അവയുടെ കാര്യശേഷി വർദ്ധിക്കുകയും ചെയ്യുന്നു. 3) രക്തത്തിലെ ചുവന്ന അണുക്കൾ (Read corpuscles)വർദ്ധിക്കുന്നു. 4) ഒടിഞ്ഞുപോയ എല്ലുകൾ വേഗം നന്നാക്കപ്പെടുന്നു. 5) കേടുവന്ന ഹൃദയത്തിന്റെ കവാടങ്ങൾ നന്നാക്കപ്പെടുകയും ശസ്ത്രക്രിയ വേണ്ടുന്ന സ്ഥിതി വരികയും ചെയ്യുന്നു. 6) ശരീരത്തിന്റെ ഉള്ളിലും പുറത്തും ഉള്ള മാറാത്ത വൃണങ്ങൾ (Pepticulcers)സുഖപ്പെടുന്നു. 7) പഞ്ചേന്ദ്രിയങ്ങളുടെ പ്രത്യേകിച്ച് കണ്ണുകളുടെ ശക്തി വർദ്ധിക്കുന്നു. 8) തലച്ചോറിലെ മലിന വസ്തുക്കൾ ഒഴിഞ്ഞു ബുദ്ധി തെളിയുന്നു. 9) തലമുടി കൊഴിച്ചിൽ കുറയും. 10) ഞരമ്പുകൾക്ക് ശക്തി വർദ്ധിക്കും.

**(അവലംബം. സി. ആർ. ആർ. വർമ്മ പഞ്ചഭൂതോവാസനയും സാധാരണ രോഗങ്ങളും)**

**ചരിത്രത്താളുകളിലൂടെ**

# കല്ലട വലിയപള്ളി: തെക്കൻ മലങ്കരയുടെ യെരുശലേം

**സന്തോഷ് ഏബ്രഹാം**



ഭാരതത്തിന്റെ അപ്പോസ്തലനായ മാർ ത്തോമ്മാശ്ലീഹായുടെ ആഗമനത്തോടു കൂടി ആദ്യ നൂറ്റാണ്ടിൽത്തന്നെ കൊല്ലത്ത് ക്രൈസ്തവ സഭ ശക്തിപ്പെടുകയും വളരുകയും ചെയ്തു. പീന്നിട് കൊല്ലത്ത് കുടിയേറിപ്പാർത്ത സിറിയൻ ക്രിസ്ത്യാനികളുടെ പിൻഗാമികളാണ് കല്ലടയിലെ നസ്രാണികൾ എന്നു വിശ്വസിക്കപ്പെടുന്നു. 9-ാം നൂറ്റാണ്ടിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ കല്ലടപള്ളി സ്ഥാപിതമായി. പുരാതന ദേവാലയമെന്ന നിലയിൽ കല്ലട വലിയപള്ളി അറിയപ്പെട്ടുവെങ്കിലും ഒരു തീർത്ഥാടന കേന്ദ്രമായി പ്രസിദ്ധമായി തീർന്നത്, കല്ലട മുത്തപ്പൻ (അന്ത്രയോസ് ബാവാ) അവിടെ കബറടങ്ങിയതോടുകൂടിയാണ്. എ.ഡി. 1678-ൽ ശീമയിൽ നിന്ന് മൂന്നു സഹോദരന്മാരോടൊപ്പം കേരളത്തിൽ എത്തിച്ചേർന്ന മാർ അന്ത്രയോസ് ബാവാ കേരളത്തിലെ പ്രധാന പള്ളികൾ സന്ദർശിക്കുകയും ഒടുവിൽ 1692 മാർച്ച് 2-ാം തീയതി കാലം ചെയ്ത് (കൊല്ലവർഷം 867 കുംഭം 19) കല്ലട പള്ളിയുടെ മദ്ബഹായിൽ കബറടങ്ങുകയും ചെയ്തു. ഇന്ന് കല്ലട വല്യപ്പൂപ്പന്റെ കബറും അദേഹത്തിന്റെ മദ്ധ്യസ്ഥതയും സ്വദേശത്തും വിദേശത്തുമുള്ള നാനാ ജാതി മതസ്തരുടെയും ആശ്വാസകേന്ദ്രവും അഭയ സ്ഥാനവുമായി പരിണമിച്ചിരിക്കുന്നു. അനേകരുടെ അത്ഭുതകരമായ സൗഖ്യവും ആശ്വാസവും ഉദ്ദിഷ്ട കാര്യപ്രാപ്തിയും മുഖാന്തിരം കല്ലടപള്ളി ഇന്നും പുണ്യ ഭൂമിയായി കണക്കാക്കപ്പെടുന്നു. ജാതിമത സഭാ വ്യത്യാസമില്ലാതെ സർവ്വരും ഇവിടെ വന്ന് പ്രാർത്ഥിച്ച് അനുഗ്രഹങ്ങൾ പ്രാപിച്ചു വരുന്നു. ഇപ്പോൾ കല്ലട വലിയപള്ളി മതമൈത്രിയുടെയും ആത്മീയതയുടെയും ശക്തി കേന്ദ്രമായും "തെക്കൻ മലങ്കരയുടെ യെരുശലേമായും" വിശേഷിപ്പിക്കപ്പെടുന്നു. 2008 മെയ് മാസം 17-ാം തീയതി പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ കല്ലട വലിയപള്ളിയെ സഭയുടെ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും കുംഭം 18, 19 തീയതികളിലാണ് ഇവിടുത്തെ പെരുന്നാൾ.

# കാതോലിക്കേറ്റ്: ദൈവം മലങ്കരസഭയ്ക്ക് നൽകിയ പ്രകാശഗോപുരം

**ഡോ. ജേക്കബ് മണ്ണുംമ്മൂട്**

**ആ**ധുനിക മലങ്കര സഭയ്ക്ക് സ്വാതന്ത്രത്തിന്റെയും സ്വയം ശീർഷകത്വത്തിന്റെയും അഗ്നി ശോഭ നൽകിയ കാതോലിക്കേറ്റ് സ്ഥാപനത്തിന് 2012-ൽ ഒരു നൂറ്റാണ്ട് തികയുകയാണ്. ഈ സംഭവത്തെ കാതോലിക്കേറ്റ് സ്ഥാപനം എന്നും കാതോലിക്കേറ്റ് പുനസ്ഥാപനം എന്നും രണ്ടു വിധത്തിൽ ചരിത്ര പണ്ഡിതർ വിശേഷിപ്പിക്കുന്നു. എ.ഡി. 52-ൽ കർത്തൃ ശിഷ്യനായ വി. മാർത്തോമ്മാ ശ്ലീഹാ, ഭാരതത്തിന്റെ പവിത്ര മണ്ണിൽ നട്ട ഈ വിശുദ്ധ സഭയെ നശിപ്പിക്കുവാൻ സഹോദരന്മാർ എന്ന് സ്വയം പറയുന്ന വിദേശീയർ നടത്തിയ കുൽസിത ശ്രമങ്ങൾക്ക് മലങ്കര നസ്രാണികൾ നൽകിയ ധീരമായ മറുപടിയായിരുന്നു 1912-ലെ കാതോലിക്കേറ്റ്. റോമൻ സഭയും ആംഗ്ലിക്കൻ മിഷ്ണറിമാരും പ്രൊട്ടസ്റ്റന്റ് സുവിശേഷകരും, അന്ത്യോഖ്യൻ മേൽപ്പട്ടക്കാരും നിരവധി നൂറ്റാണ്ടുകളായി മലങ്കരയിൽ തങ്ങളുടെ അധികാരം ഉറപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടും ഇന്നും ഒരു ന്യൂനപക്ഷത്തെ മാത്രമേ അവർക്ക് അടർത്തിയെടുക്കാൻ കഴിഞ്ഞിട്ടുള്ളു എന്നത് ഒരു ചരിത്ര സത്യമാണ്. സ്വാതന്ത്രത്തിന്റെയും സ്വയം ശീർഷകത്വത്തിന്റെയും പ്രകാശം നെഞ്ചിലേറ്റിയിരുന്ന വിശ്വാസി ലക്ഷങ്ങളായിരുന്നു എക്കാലത്തെയും ഈ സഭയുടെ കരുത്ത്. കഴിഞ്ഞ രണ്ട് സഹസ്രാബ്ദങ്ങളായി ഭാരതത്തിൽ നിലനിന്നിരുന്ന സ്വാതന്ത്ര സഭയെക്കുറിച്ചുള്ള നിരവധി തെളിവുകൾ ഇന്നും ലഭ്യമാണ്. അങ്കമാലി, റാക്കാട്, മുളന്തുരുന്തി, നിരണം തുടങ്ങിയ പുരാതന പള്ളികളിൽ ഇന്നും നിലനിൽക്കുന്ന ശിലാലിഖിതങ്ങളിൽ ഈ സഭയുടെ പ്രധാന മേലദ്ധ്യക്ഷനെ രേഖപ്പെടുത്തിയിരിക്കുന്നത്, മാർത്തോമ്മാ സിംഹാസനത്തിൽ വാണരുളുന്ന... എന്നാണ്. എ.ഡി. 15-ാം ശതകം മുതൽ പ്രചാരത്തിലുള്ള പല ഗ്രന്ഥങ്ങളിലും ചെപ്പേടുകളിലും പുരാതന രേഖകളിലുമൊക്കെ ഈ സഭയെ വിശേഷിപ്പിച്ചിരുന്നത് മാർത്തോമ്മാശ്ലീഹായുടെ സഭയെന്നാണ്. മലങ്കര സഭ നൂറ്റാണ്ടുകളായി അനുഭവിച്ചറിയുന്ന പദവിയും പ്രൗഢിയും വ്യക്തമാക്കുന്ന പ്രയോഗമാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന സംജ്ഞ. ലോകത്ത് ഒരിടത്തും സുവിശേഷം അറിയിച്ച ശ്ലീഹായുടെ പേരിനോട് ചേർന്ന് ഒരു സമൂഹത്തിന്റെ സ്വത്വം രേഖപ്പെടുത്തിയതായി നമുക്ക് കാണാൻ കഴിയുകയില്ല. ജന്മസിദ്ധമായി ലഭിച്ച ഈ പൈതൃക ധനത്തെ കവരുവാൻ 19-ാം നൂറ്റാണ്ടിൽ അന്ത്യോഖ്യാ സഭ (സിറിയൻ ഓർത്തഡോക്സ് ചർച്ച്) നടത്തിയ പ്രവർത്തനങ്ങളാണ് കാതോലിക്കേറ്റിന്റെ അനിവാര്യതയെക്കുറിച്ച് നമ്മെ ബോധ്യപ്പെടുത്തിയത് എന്നു പറയുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. മലങ്കര മെത്രാപ്പോലീത്തായും സഭയുടെ നിയമാനുസൃത മെത്രാപ്പോലീത്തായും ആയിരുന്ന പരിശുദ്ധ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസ് മുടക്കിയത് ഈ സഭയിൽ കലഹത്തിന്റെ വിത്തുകൾ പാകി. ബഹു ഭൂരിപക്ഷം ജനങ്ങളും, വൈദികരും മുടക്കിനെതിരെ അതിശക്തമായ നിലപാടെടുത്തപ്പോൾ ഒരു ന്യൂന പക്ഷം സ്വാർത്ഥ ലാഭത്തിനായി സ്വന്തം സഭയെ ഒറ്റികൊടുക്കുന്ന വേദനാജനകമായ കാഴ്ചയ്ക്കും നാം സാക്ഷ്യം വഹിച്ചു. 1912-ൽ വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ നിരണം വലിയ പള്ളിയിൽ വെച്ചു സഭയുടെ പ്രഥമ കാതോലിക്കായായി പരിശുദ്ധ ബസേലിയോസ് പൗലൂസ് പ്രഥമൻ ബാവാ വാഴിക്കപ്പെട്ടതോടെ നമുക്ക് ജന്മസിദ്ധമായി ലഭിച്ച വൈദികാധികാരങ്ങളുടെ പൂർണ്ണത അനുഭവിക്കുവാൻ സാധ്യമായി ഈ ചരിത്ര സംഭവത്തിന് ഒരു നൂറ്റാണ്ട് അടുത്ത ഈ സന്ദർഭത്തിൽ പ്രസക്തമായ മൂന്നു ചിന്തകൾ കുറിക്കുന്നു.

**1. സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും സംരക്ഷിക്കണം**

ബാഹ്യമായും ആഭ്യന്തരമായും നിരവധി വെല്ലുവിളികൾ നാം നേരിടുന്നുണ്ട്. കഴിഞ്ഞ ഒരു നുറ്റാണ്ടുകാലമായി നീതിക്കുവേണ്ടി നാം കോടതികളിൽ പോരാടുന്നു. ചിലരെങ്കിലും തെറ്റിദ്ധരിക്കുന്നതുപോലെ ഇത് പണത്തിനും സ്ഥാപനത്തിനും അധികാരത്തിനുവേണ്ടിയുള്ള സമരമല്ല മറിച്ച് സഭയുടെ തനിമയും, സ്വത്വ



വും, സ്വാതന്ത്ര്യവും സംരക്ഷിക്കുവാനുള്ള ഐതിഹാസികമായ പോരാട്ടമാണ് സഭയുടെ സ്വാന്ത്ര്യത്തിനുവേണ്ടി നിലകൊണ്ടു എന്ന ഒറ്റ കാരണത്താൽ നിരന്തരം ആക്രമിക്കപ്പെടുന്ന സഭാംഗങ്ങളെ വിസ്മരിച്ചു കൊണ്ടുള്ള ഒരു ഒത്തുതീർപ്പിനു നമുക്ക് സാധ്യമല്ല. 1958 ലും 1995 ലും ഉണ്ടായ രണ്ട് സുപ്രീം കോടതി വിധികളും ഈ സഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും ഉറപ്പിക്കുന്നവയാണ്. 1934-ൽ എം. ഡി. സെമിനാരിയിൽ ചേർന്ന മലങ്കര അസ്സോസിയേഷൻ അംഗീകരിച്ച ഭരണഘടനയുടെ ഉള്ളിൽ നിന്നുകൊണ്ട് മാത്രമേ ഈ സഭയുടെ ഭരണ കാര്യങ്ങൾ നിർവ്വഹിക്കപ്പെടാവൂ എന്നതാണ് ഈ രണ്ടു വിധികളുടെയും അന്തഃ സത്ത. എന്നാൽ കോടതി വിധികളെ വെല്ലുവിളിച്ച് നിയമ വ്യവസ്ഥയെ അട്ടിമറിച്ച് വിദേശീയർ ചില ചട്ടങ്ങൾ ഉപയോഗിച്ച് ഈ സഭയുടെ ഭരണനിർവ്വഹണത്തിൽ ഇടപ്പെടുമ്പോൾ അതിനെതിരെ ശക്തമായ നിലപാടുകൾ എടുക്കുവാൻ നമുക്ക് ബാധ്യതയുണ്ട്. അതിനുള്ള നടപടികൾ ഈ ശതാബ്ദി വർഷത്തിന്റെ പ്രധാന ചിന്തകളാണ്.

**2) ഐക്യം പുനസ്ഥാപിക്കണം**

ഇരുപതു നൂറ്റാണ്ടുകൾക്ക് മുമ്പ് ഈ മണ്ണിൽ സ്ഥാപിക്കപ്പെട്ട മലങ്കര സഭ ഇന്ന് പലതായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഭിന്നിച്ചിരിക്കുന്ന ഒരു സമൂഹത്തിന് ഒരിക്കലും തങ്ങളുടെ സാക്ഷ്യം നിറവേറ്റുവാൻ സാധ്യമല്ലല്ലോ. സഭയുടെ ചരിത്രം സൂക്ഷ്മമായി പഠിച്ചാൽ അധികാരസ്ഥാനത്തിനു മുതിർന്ന വിദേശ മേലദ്ധ്യക്ഷർക്ക് ഒരു വിഭാഗം മലങ്കര സഭാമക്കൾ സ്വാർത്ഥ താല്പര്യപ്രേരിതമായി എപ്പോഴൊക്കെ പിന്തുണ നൽകിയോ, അപ്പോഴൊക്കെ ഇവിടെ വിഭജനത്തിൽ കലാശിച്ചിരുന്നു എന്നു വ്യക്തമാവും. പുത്തൻകൂർ- പഴയകൂർ വിഭജനത്തിലും മാർത്തോമ്മാ സഭ മുഴുവൻ പിരിഞ്ഞു പോയതിലും സി. എം. എസ്., സി. എസ്. ഐ. സഭകളുടെ ക്രമീകരണത്തിലും അന്ത്യോഖ്യൻ ഇടപെടലുകളിലും റീത്തു പ്രസ്ഥാനത്തിന്റെ ആവിർഭാത്തിലുമൊക്കെ ചില സഭകളുടെ സ്വാർത്ഥതയുടെ കൂരമ്പുകൾ നമുക്ക് കണ്ടെത്തുവാൻ കഴിയും. വരും കാലങ്ങളിൽ ഇത്തരം പ്രവണതകളെ പ്രതിരോധിക്കുവാനും കഴിഞ്ഞ കാലയളവിൽ സഭയിൽ നിന്ന് അന്യവത്കരിക്കപ്പെട്ടു പോയവരെ തിരികെ കൊണ്ടുവരുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം. പൗരസ്ത്യ കാതോലിക്കേറ്റിന്റെ അധികാരത്തിലും നിയന്ത്രണത്തിലും ഭരണ സംവിധാനത്തിലും ഉള്ള അഖില ഭാരത സഭ എന്ന സ്വപ്നം സാക്ഷാൽകരിക്കാൻ ശദാബ്തി സാധ്യമാവണം.

**3) കാലിക സാക്ഷ്യത്തിന്റെ പ്രകാശമാകണം**

സഭ ലോകത്തിന്റെ വെളിച്ചമാണ്. പ്രകാശത്തിന്റെ വഴികളിലൂടെ സമൂഹത്തെ നയിക്കുക എന്നതാണ് സഭയുടെ കാലിക ദൗത്യം. ആഗോളീകരണത്തിന്റെ ഈ കാലഘട്ടം മനുഷ്യന്റെ പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നതേയുള്ളു, ഒട്ടും കുറയുന്നില്ല. ഇവിടെ പ്രശ്നങ്ങൾക്ക് ഒറ്റമൂലികളുമായി കടന്ന് ചെന്ന് വികല സാക്ഷ്യത്തിലേക്കും ആത്മിക തകർച്ചയിലേക്കും നയിക്കുന്ന ന്യൂ ജനറേഷൻ സഭകളെ പ്രതിരോധിച്ചുകൊണ്ട് യഥാർത്ഥമായ ഒരു ക്രൈസ്തവ ജീവിതത്തെകുറിച്ചുള്ള ഉൾക്കാഴ്ചകൾ നമുക്ക് പകരുവാൻ കഴിയണം. സമൂഹത്തിന്റെ മുഖ്യ ധാരയിൽ നിന്നകന്ന് മൃഗതുല്യമായ ജീവിതം നയിക്കുന്ന എത്രയോ സമൂഹങ്ങൾ ഭാരത്തിലുണ്ട്. അവർക്ക് അഭിമാനത്തിന്റെ, ആത്മ ധൈര്യത്തിന്റെ, വിദ്യയുടെ വഴികളിലൂടെ സഞ്ചരിക്കുവാൻ കഴിയുന്ന ഒരു പുതിയ സാമൂഹ്യ ബോധത്തിന്റെ സൃഷ്ടിക്കായി സഭ മുന്നിട്ടിറങ്ങേണ്ടതാണ്. "കാതോലിക്കേറ്റ്" - ഇത് മലങ്കര സഭയുടെ ആഭ്യന്തര സംവിധാനം മാത്രമല്ല, ഭാരതത്തിന്റെ ക്രിസ്തുദർശനങ്ങളുടെ വിശുദ്ധ സാഫല്യമായി കാലം വിലയിരുത്തണം. റാലികൾക്കും സിംബോസിയങ്ങൾക്കും പ്രകടനങ്ങൾക്കും പത്ര പരസ്യങ്ങൾക്കും ആഡംബരത്തിനും അപ്പുറത്ത് വ്യഥിത മനുഷ്യന്റെ ഹൃദയത്തെ തൊടുന്ന, അവന് സൗഹൃദത്തിന്റെയും നിരപ്പിന്റെയും അനുഭവത്തെ പ്രദാനം ചെയ്യുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിക്കുവാൻ നമുക്ക് സാധിക്കട്ടെ. ▯

# പ്രാർത്ഥനയുടെ ആത്മാവിൽ സമ്മതിദാന അവകാശം വിനിയോഗിക്കണം: മാർ പോളിക്കർപ്പോസ്

അങ്കമാലി ഭദ്രാസനാധിപനും യുവജനപ്രസ്ഥാനം പ്രസിഡന്റുമായ അഭി. യൂഹാനോൻ മാർ പോളിക്കർപ്പോസ് തിരുമേനിയുമായി കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജനപ്രസ്ഥാനം പ്രവർത്തകർ 2-4-2009-ൽ കോട്ടയം സോഫിയാ സെന്ററിൽ വച്ച് നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ:

1. വൈദികവൃത്തി തിരഞ്ഞെടുക്കുന്നതിനുള്ള പ്രചോദനം?

എന്റെ വീട് പാലക്കാട് വടകരയിലാണ്. ഞാൻ വി. മദ്ബഹായിൽ ശുശ്രൂഷ ചെയ്യുന്നത് എന്റെ മാതാപിതാക്കൾക്ക് താല്പര്യമായിരുന്നു. ഞാൻ 8-ാം ക്ലാസ് പാസ്സായി കഴിഞ്ഞപ്പോൾ ഞങ്ങളുടെ ഇടവക പള്ളിയിൽ വികാരിയായിരുന്ന മുളന്തുരുത്തിയിലെ ബഹു. മത്തായി അച്ചൻ എന്നെ വി. മദ്ബഹായിൽ കയറ്റി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ മുതൽ എനിക്ക് വൈദികനാകണം എന്ന് ആഗ്രഹമുണ്ടായി.

2. ബാലനായ യൂഹാനോനിൽ നിന്ന് മഹാപുരോഹിത പദവി വരെയുള്ള ഉയർച്ചയെ എങ്ങനെ കാണുന്നു?

ഞാനുമൊരു സഖറിയായുടെ മകനായ യൂഹാനോനാണ്. അമ്മയുടെ പേര് അന്നമ്മ. അവരുടെ പ്രാർത്ഥനയും നോമ്പുപവാസങ്ങളും സഹോദരങ്ങളുടെയും മറ്റ് കുടുംബാംഗങ്ങളുടെയും പ്രോത്സാഹനവും തുടക്കത്തിലേ ഉണ്ടായിരുന്നു. എന്നാൽ ആത്മീയ ഗുരുക്കന്മാരായ അഭിവന്ദ്യ ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനി, ഓതറ ദയറായിലെ അഭിവന്ദ്യ തോമസ് റമ്പാച്ചൻ എന്നിവരുടെ മാതൃകയെ പിൻപറ്റിക്കൊണ്ട് പ്രാർത്ഥനയിലൂടെയും ഉപവാസങ്ങളിലൂടെയുമാണ് വളർച്ചയുടെ ഓരോ ഘട്ടവും ദൈവം ശക്തീകരിച്ചത്. ചുരുക്കിപ്പറഞ്ഞാൽ സർവ്വശക്തനായ ദൈവം കൈപിടിച്ച് നടത്തി എന്ന് വിശ്വസിക്കുന്നു.

3. സഭാമക്കളുടെ ആദ്ധ്യാത്മീയ നിലവാരത്തെക്കുറിച്ച് തിരുമേനിയുടെ അഭിപ്രായം?

ഓർത്തഡോക്സ് സഭാമക്കൾ നല്ല ആത്മീയ നിലവാരം പുലർത്തുന്നവരാണ് എന്നാണ് എന്റെ അഭിപ്രായം. പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേകിച്ച് ഞായറാഴ്ചകളിൽ ട്യൂഷനുപോകുന്ന കുട്ടികൾക്കു കൂടി സംബന്ധിക്കത്തക്ക വിധത്തിൽ ആരാധനയുടെ സമയം ക്രമീകരിക്കണം. അതേസമയം ആരാധന ചുരുക്കുന്നതിനോടു യോജിക്കുന്നുമില്ല.

4. ഇപ്പോൾ കൂടുതലായി കാണുന്ന സ്വയം പ്രാർത്ഥനയെ തിരുമേനി എങ്ങനെ വിലയിരുത്തുന്നു.

സ്വയം പ്രാർത്ഥനയിൽ ധാരാളം അബദ്ധങ്ങൾ ഉണ്ട് ഉദാ. ഞാൻ ശെമ്മാശ്ശനായിരുന്നപ്പോൾ ഒരു ബന്ധു ഭവനത്തിൽ വച്ച് അവരുടെ സുഹൃത്തായ ഒരു ഉപദേശിയുടെ പ്രാർത്ഥന ഇന്നും എന്റെ കാതുകളിൽ ഞടുക്കത്തോടെ മുഴങ്ങുന്നു. അത് ഇപ്രകാരമായിരുന്നു. ദൈവമേ ഇന്ന് അനേകർ വാഹനാപകടങ്ങളിൽപ്പെട്ട് ദുരിതമനുഭവിക്കുമ്പോൾ നിന്റെ ഈ ദാസനെ ഒരാപത്തും കൂടാതെ ഇവിടെ കൊണ്ടുവന്നതിനെ ഓർത്ത് നന്ദി നിറഞ്ഞ ഹൃദയത്തോടെ നിന്നെ സ്തുതിക്കുന്നു. ഈ പ്രാർത്ഥന ഞാൻ കോലഞ്ചേരി മെഡിക്കൽ കോളജിൽ ചാപ്ലയിനായിരിക്കുമ്പോൾ അപകടങ്ങളിൽപെട്ടവർ കിടക്കുന്ന ജനറൽ വാർഡിൽ വച്ച് ഓർത്തിട്ടുണ്ട്. ഉപദേശിയുടെ പ്രാർത്ഥന മനസ്സിൽ ചിന്തിച്ചാൽ കൂടി അത് പാപമായിരിക്കും. ഈ രീതിയിൽ പ്രാർത്ഥനയ്ക്ക് ധാരാളം പൊരുത്തക്കേടുകൾ ഉണ്ട്.

5. മേൽപ്പട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുത്തതു മുതൽ അഭിഷേകം വരെയുള്ള കാലയളവിനെ പരിവർത്തനത്തിന്റെ കാലമായി കണക്കാക്കാം. അനുഭവങ്ങൾ പങ്കുവെയ്ക്കാമോ?

മേല്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടതു മുതൽ പ്രത്യേകിച്ച് 2008 നവംബർ 15 വരെ ഉപവാസത്തിന്റെ കാലങ്ങളായിരുന്നു. അതിന്റെ പാരമ്യം വി. മൂറോൻ കൂദാശയിൽ വന്നു നില്ക്കുന്നു. ഈ വർഷത്തെ ഓശാന ആഴ്ചയിലെ ആരാധനയും ഉയിർപ്പിന്റെ ശുശ്രൂഷയും ഞങ്ങൾക്കൊരു പുതിയ വെളിച്ചം സമ്മാനിക്കുന്നു. ഇത് നവാഭിഷിക്തരായ എനിക്കും എന്റെ സഹോദരന്മാർക്കും ലഭിച്ച മഹാഭാഗ്യമാണ്.

6. മുൻകാല പ്രവർത്തനങ്ങളിൽ നിന്നുള്ള അനുഭവങ്ങൾ വിശ്വാസികളുമായി പങ്കുവെയ്ക്കാമോ? (പരുമല മാനേജർ)

പരുമല, വെട്ടിക്കൽ ദയറാ എന്നിവിടങ്ങളിൽ ദൈവത്തിൽ നിന്നും കൃപയുടെ നീരുറവ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിലൂടെ വിശ്വാസികളിലേക്ക് ഒഴുകുന്നതായി ധാരാളം അനുഭവപ്പെട്ടിട്ടുണ്ട്. കോലഞ്ചേരി ആശുപത്രിയുടെ ചാപ്പലിന്റെ വി. മദ്ബഹായിലും ദൈവിക സാന്നിധ്യം കൂടുതലായി അനുഭവപ്പെട്ടിട്ടുണ്ട്. എനിക്ക് തോന്നുന്നത് രോഗികളുടെയും അവരെ പരിപാലിക്കുന്നവരുടെയും കണ്ണുനീരോടു കൂടിയുള്ള പ്രാർത്ഥന എപ്പോഴും അവിടെ ഉള്ളതിനാലാണ്.

7. സഭയുടെ പ്രതിസന്ധികൾ (കേസുകൾ) തിരുമേനിയുടെകാഴ്ച്ചപ്പാട് എന്ത്?

സഭാ കേസിന്റെ യാഥാർത്ഥ്യം എന്താണെന്ന് സഭാ മക്കളെയും പൊതുജനങ്ങളെയും ബോധ്യമാക്കേണ്ടതാണ്. കേസുകളെക്കുറിച്ച് വിശദമായി പഠിക്കേണ്ടതും അനിവാര്യമാണ് ഇക്കാര്യത്തിൽ നമുക്കിത്തിരി പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്.

8. തിരുമേനിമാരുടെ സ്ഥലം മാറ്റത്തെ എങ്ങനെ കാണുന്നു അങ്ങയുടെ ആസ്ഥാനമായ ആലുവായിൽ നിന്ന് 7 വർഷത്തിന് ശേഷം സ്ഥലംമാറ്റം ഉണ്ടായാൽ എങ്ങനെയാവും സ്വീകരിക്കുക?

എല്ലാറ്റിനും അതിന്റേതായ ഗുണവും ദോഷവും ഉണ്ട് ശരിയായ മാനദണ്ഡങ്ങൾ ഇല്ലാതെ സ്ഥലംമാറ്റം ഉണ്ടായാൽ അത് അപകടമാണ്. സഭാനേതൃത്വത്തിന്റെ തീരു

*(ശേഷം 5-ാം പേജിൽ)*



കാരാട്ടുകുന്നേൽ യുവജനപ്രസ്ഥാനം പ്രവർത്തകർ തിരുമേനിയോടൊപ്പം

# "യുവജനപ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയ പ്രസിഡന്റ് – ഡോ. യൂഹാനോൻ മാർ മിലിത്തോസ് തിരുമേനി"



**സാം വർഗീസ്, നെടുംപൊയ്കയിൽ**
**(കേന്ദ്ര സെക്രട്ടറി, O.C.Y.M)**



**ഓർ**ത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന് ഏഴു വർഷം ശക്തവും കർമ്മനിരതുവുമായ നേതൃത്വം നൽകിയതിന് ശേഷം പ്രസ്ഥാനത്തിന്റെ അദ്ധ്യക്ഷ പദവിയിൽ നിന്ന് അഭി. ഡോ. യൂഹാനോൻ മാർ മിലിത്തോസ് തിരുമേനി സ്ഥാനമൊഴിയുകയാണ്. കഴിഞ്ഞ ഏഴു വർഷം പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായകാലഘട്ടം ആയിരുന്നു. യുവജന പ്രസ്ഥാനത്തിന് സ്വന്തമായി ഓഫീസ് കെട്ടിടം വാങ്ങുന്നതിൽ തിരുമേനി കാട്ടിയ ഉത്സാഹവും അതിനുവേണ്ടി പണം കടമെടുക്കുതിന് തൃശൂർ മെത്രാസന അരമനയുടെ കൈവശാവകാശ രേഖകൾ ബാങ്കിൽ പണയം വെച്ചതും ഒക്കെ പ്രസ്ഥാന അംഗങ്ങളുടെ ഓർമ്മകളിൽ എന്നും നിലനിൽക്കും.

തിരുമേനി നേതൃത്വം കൊടുത്ത വർഷങ്ങളിൽ പ്രസ്ഥാനം ഏറ്റവും കുടുതൽ ശ്രദ്ധിക്കപ്പെട്ടത് വാർഷിക ചിന്താവിഷയങ്ങളിൽ ആയിരുന്നു. സമകാലീന ചിന്തകൾ സഭയുടെയും വി. വേദപുസ്തകത്തിന്റെയും അടിസ്ഥാനത്തിൽ യൂണിറ്റ് തലം മുതൽ ചർച്ച ചെയ്യപ്പെട്ടു എന്നുള്ളത് ഏറ്റവും ശ്രദ്ധേയമാണ്. വാർഷിക സമ്മേളനങ്ങളെ അന്തർദേശീയ സമ്മേളനങ്ങൾ ആക്കി മാറ്റിയതിന്റെ പിന്നിലെ ദീർഘ വീക്ഷണം അഭി. തിരുമേനിയുടേതാണ്. പ്രസ്ഥാനത്തിന് ബാഹ്യകേരള ഭദ്രാസനങ്ങളിലും ഗൾഫ് രാജ്യങ്ങളിലുമുണ്ടായ മുന്നേറ്റത്തിന്റെ പ്രധാന സൂത്രധാരനും തിരുമേനിയായിരുന്നു. ഇതിന്റെ അനന്തരഫലമാണ് പ്രസ്ഥാനത്തിന്റെ ഓഫീസ് കെട്ടിടത്തിന്റെ കടം തീർക്കുവാൻ കഴിഞ്ഞു എന്നുള്ളത്. ഇടവകകളുടെ ആത്മീയ ഉന്നമനം ലക്ഷ്യമിട്ടു തുടങ്ങിയ വചനാത്മഘോഷം സുവിശേഷ പരിപാടി യൂണിറ്റുകളെ സജീവമാക്കുന്നതിനും ഇടവക ജനങ്ങൾക്ക് പ്രസ്ഥാനത്തോടുള്ള മതിപ്പ് കൂടുന്നതിനും സഹായിച്ചു.

പ്രസ്ഥാനം ഭരണഘടനയ്ക്ക് കാലാനുസൃതമായ ഭേദഗതികൾ വരുത്തി, യുവതികളുടെ അംഗത്വം ഭരണഘടനാപരമാക്കി പ്രസ്ഥാനത്തെ ശക്തീകരിച്ചു, തുടങ്ങി ഒട്ടനവധി നേട്ടങ്ങൾ പ്രസ്ഥാനത്തിന് നേടി കൊടുത്തു. കുറെ സ്വപ്നങ്ങൾ ബാക്കിവെച്ച് അദ്ധ്യക്ഷ പദവിയെ ചലനാത്മകമാക്കിയ അഭി. ഡോ. യൂഹാനോൻ മോർ മിലിത്തോസ് തിരുമേനി പുതിയൊരു നേതൃത്വത്തിന് വേണ്ടി വഴിമാറുകയാണ്.

# പ്രാർത്ഥനയുടെ ആത്മാവിൽ....

*(നാലാം പേജിൽ നിന്നും തുടർച്ച)*

മാനം പൂർണ്ണമനസ്സോടെ എന്നും അംഗീകരിക്കും.

9. നമ്മുടെ സഭയുടെ രാഷ്ട്രീയ ഇടപെടലുകളെ എങ്ങനെ കാണുന്നു?

ആദ്യം വേണ്ടായിരുന്നു എന്ന് തോന്നിയിരുന്നു പിന്നീടത് നന്നായി എന്ന് തോന്നി. നല്ല രീതിയിലുള്ള രാഷ്ട്രീയ പ്രവർത്തകരെ വളർത്തിക്കൊണ്ട് വരേണ്ടതിന് സഭാ നേതാക്കന്മാർ ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം.

10. യുവജനങ്ങളുടെ വോട്ടവകാശം എങ്ങനെ ഉപയോഗിക്കാണമെന്ന് നിർദ്ദേശിക്കാമോ?

സൂഹത്തിനും രാഷ്ട്രത്തിനും പ്രയോജനമുള്ള ആളുകളെ തിരഞ്ഞെടുക്കുന്നതിന് വേണ്ടി പ്രാർത്ഥനയുടെ ആത്മാവിൽ ചിന്താപൂർവ്വം തങ്ങളുടെ സമ്മതിദാന അവകാശം വിനിയോഗിക്കണം എന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. സഭയെ ഉപദ്രവിക്കുന്നവരെ യാതൊരു കാരണവശാലും സഹായിക്കരുത്.

11. യുവജനപ്രസ്ഥാനവുമായി ഏതെങ്കിലും തലങ്ങളിൽ ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ടോ?

ഇടവക തലങ്ങളിൽ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ട്. അവരെല്ലാം എനിക്ക് നല്ല കുട്ടുകാരായിരുന്നു.

12. യുവജനപ്രസ്ഥാനത്തിന്റെ വനിതാ പ്രാതിനിധ്യത്തെക്കുറിച്ചുള്ള അഭിപ്രായം എന്ത്?

ആത്മീയ ചിന്തയോടെ ഒരുമിച്ചുള്ള പ്രവർത്തനം മാനസിക വളർച്ചക്ക് നല്ലതാണ്.

13. യുവജനപ്രസ്ഥാനത്തിന്റെ ഭാവിയെപ്പറ്റിയുള്ള കാഴ്ചപ്പാട് എന്താണ്?

ശുഭ പ്രതീക്ഷയാണ്. സഭയ്ക്കും സമൂഹത്തിനും പ്രയോജനകരമായ രീതിയിൽ ധാരാളം കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും. സഭയുടെ അത്മായ നേതൃത്വം ഉയർന്നു വരേണ്ടത് യുവജന പ്രസ്ഥാനത്തിലൂടെയാണ്.

14. ആധുനികതയെ മുറുകെ പിടിക്കുന്ന യുവജനങ്ങൾക്ക് നല്കാനുള്ള തിരുമേനിയുടെ ഈസ്റ്റർ സന്ദേശം?

എല്ലാവരും എളുപ്പത്തിൽ കാര്യങ്ങൾ നേടിയെടുക്കാനുള്ള തത്രപ്പാടിലാണ്. കഷ്ടപ്പാടിലൂടെ മാത്രമേ ഉയർച്ച ഉണ്ടാകൂ. അതിനുമാത്രമേ നിലനിൽപ്പുള്ളു. കർത്താവ് കല്പിച്ചിരിക്കുന്നത് എന്നെ അനുഗമിക്കുവാൻ ഇചരിക്കുന്നവൻ തന്റെ ക്രൂശ് എടുത്ത് എന്നെ അനഗമിക്കട്ടെ എന്നാണ്. കഷ്ടപ്പാടുകളെ ദൈവത്തിൽ സമർപ്പിച്ച് ഉയർപ്പിനായി കാത്തിരിക്കുക. ദൈവം സകലത്തിനും മതിയായവനാണ്.

"എല്ലാവർക്കും ഈസ്റ്റർ ആശംസകൾ"

# ഒ. വി. ബി. എസ്. എന്റെ ജീവിതത്തിൽ

**റീനു ഏലിസബേത്ത് ഏബ്രഹാം**



ലോകമിന്ന് നേട്ടങ്ങളുടെ കൊടുമുടിയിലാണ്. അതു ഏതു മേഖലകളിലുമായികൊള്ളട്ടെ, ശാസ്ത്രീയപരമായും സാമൂഹികപരമായും മനുഷ്യൻ ഇന്ന് അവയ്ക്ക് പിന്നാലെ പരക്കം പായുകയാണ്. എന്നാൽ ആത്മീയകാര്യങ്ങളിൽ മാത്രം അവൻ പിച്ചവച്ചു വരുന്നതേയുള്ളു. ഭൗതിക സമൃദ്ധിയുടെ ഇടയിൽ മുങ്ങിതുടിക്കുന്ന മനുഷ്യൻ ദൈവ സാന്നിദ്ധ്യം മറക്കുന്നു എന്നു പൊതുവെ കണ്ടുവരുന്നു.

'കതിരിൽ കൊണ്ടു വളം വയ്ക്കരുത്', കാർഷിക ജീവിതത്തിൽ നിന്ന് അടർത്തിയെടുത്ത അർത്ഥപൂർണ്ണമായ ഒരു നാട്ടു ചൊല്ലാണ്. മനുഷ്യ ജീവിതത്തെ സംബന്ധിച്ച് ഇത് വളരെ പ്രസക്തമാണ്. ഈശ്വരവിശ്വാസവും മൂല്യബോധവും ശൈശവം മുതൽ വളർത്തിയെടുക്കേണ്ട കാര്യങ്ങളാവുന്നു. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക, അവൻ വൃദ്ധനായാലും അത് വിട്ടു മാറുകയില്ലെന്ന് വി. വേദപുസ്തകത്തിൽ തന്നെ പറയുന്നണ്ടല്ലോ. പത്ത് മാസത്തെ തിരക്കേറിയ അദ്ധ്യായന ദിവസങ്ങൾക്കു ശേഷം രണ്ടുമാസത്തെ അവധികാലത്തിലെ പത്തു ദിവസത്തെ ഒ. വി. ബി എസ് ആയിരിക്കും അവർ ഏറ്റവും ആനന്ദിക്കുക. പൂർണ്ണ മനസ്സോടുകൂടി തന്നെ ഇതിൽ സംബന്ധിക്കുക. യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമെന്ന് ഓർക്കുക.

ഒരിക്കലും മറക്കാത്ത ഒരുപിടി നല്ല അനുഭവങ്ങൾ ഒ. വി. ബി. എസ് സമ്മാനിക്കുന്നു. കൂട്ടുകാരുമൊത്ത് ആടിപാടുവാനും, അവധിക്കാലം ഉല്ലാസവേളകളാക്കുവാനും ഒ. വി. ബി. എസ്. സഹായിക്കുന്നു. അതിന് അകമ്പടി സേവിക്കുന്നതാകട്ടെ മനോഹരമായ ഈരടികളും ശ്രവണസുന്ദരമായ ഈണങ്ങളും കുഞ്ഞുനാവുകൾ കൊണ്ട് മാലാഖാമാരൊത്ത് ദൈവത്തെ പാടി സ്തുതിക്കുന്നത്.

എത്ര സന്തോഷകരമാണ്. ഉത്സാഹത്തോടെ ദൈവമഹത്വത്തെ പാടി സ്തുതിക്കുവാനും ശ്രദ്ധയോടെ അവിടുത്തെ സത്യങ്ങളെ പഠിക്കുവാനും, ലോകമെങ്ങുമുള്ള ബാലിക-ബാലന്മാരെ ഉത്തമരായി വളർത്തുവാൻ ഒ. വി. ബി. എസ് സഹായിക്കുന്നു. വി. വേദപുസ്തകം, സഭയുടെ പാരമ്പര്യങ്ങൾ, വിശുദ്ധ കൂദാശാനുഷ്ഠാനങ്ങൾ, ആരാധനാക്രമങ്ങൾ, സഭാപിതാക്കന്മാരുടെ ജിവിതം, ഉപദേശങ്ങൾ എന്നിവയെല്ലാം ഒ. വി ബി. എസിലൂടെ നമ്മുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. നന്മയും തിന്മയും വേർതിരിച്ചറിയുവാനും, നന്മയുടെ വഴിയിലൂടെ മുന്നോട്ട് പോകുവാനും അത് നമ്മുക്ക് പ്രേരണയാകുന്നു. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റാൻ നമ്മുടെ കഴിവുകൾ ഉപയോഗിക്കണം.

പ്രാർത്ഥനയുടെ ശരിയായ അർത്ഥതലം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. പ്രാത്ഥന എന്നത് ദൈവവുമായുള്ള സംസർഗ്ഗമാണ് പ്രാർത്ഥനയിൽ ദൈവത്തിന്റെ തീരുമാനം മാറ്റുവാനല്ല അപേക്ഷിക്കേ

*(ശേഷം 6-ാം പേജിൽ)*

# "ഈസ്റ്റർ വിഭവങ്ങൾ"

**വനിതാ സമാജം**

## മീൻ അച്ചാർ

**ഏലിയാമ്മ ഏബ്രഹാം, പുറങ്കാവിൽ**



ദശക്കട്ടിയുള്ള ഉണക്ക തൂക്കുമീൻ- 1 കിലോ
മുളകു പൊടി - രണ്ട് ടേബിൾ സ്പൂൺ
പച്ചമുളക് - എട്ടെണ്ണം
ഇഞ്ചി - ഒരു വലിയ കഷണം
വെളുത്തുള്ളി - ആറ് അല്ലി
ഉലുവാ പൊടി- അര ടീ സ്പൂൺ
വിന്നാഗിരി- ഒന്നരകപ്പ്
വെളിച്ചണ്ണ- 200 മി.ലി.
കറിവേപ്പില- പാകത്തിന്

**പാകം ചെയ്യുന്ന വിധം**

തൂക്കുമീൻ ചെറിയ കഷണങ്ങളാക്കി നുറിക്കി കഴുകി വെയിലത്ത് വച്ച് ഉണക്കണം. പച്ചമുളക്, ഇഞ്ചി, ഇവ അരിഞ്ഞ് വയ്ക്കണം ചീനച്ചട്ടി അടുപ്പിൽ വച്ച് എണ്ണ ഒഴിച്ച് മീൻ വറുത്തു വയ്ക്കണം. ബാക്കി എണ്ണയിൽ അരിഞ്ഞ പച്ചമുളക്, ഇഞ്ചി, വെളുത്തുള്ളി, കരിവേപ്പില എന്നിവയിട്ട് വഴറ്റണം. അതിൽ മുളകുപൊടിയും, ഉലുവാപൊടിയുമിട്ട് ഇളക്കിച്ചേർക്കണം, തുടർന്ന് വറുത്തമീൻ ചേർത്ത് വഴറ്റി ഇറക്കി വയ്ക്കുക. അതിൽ തിളപ്പിച്ചാറ്റിയ വിന്നാഗിരി ഒഴിച്ച് ഇളക്കി തണുക്കുമ്പോൾ ഭരണിയിലാക്കുക.

## മുട്ട കബാബ്

**റീനി തോമസ്, പുത്തൻപുരയിൽ**



മുട്ട- 2
ഉരുളക്കിഴങ്ങ്- അര kg
സബോള- 2 വലുത്
പച്ചമുളക് - 10 എണ്ണം
ഇഞ്ചി, വെളുത്തുള്ളി - 2 ടീസ്പൂൺ
മല്ലിയില -2 തണ്ട്
കറിവേപ്പില -2 തണ്ട്
ഗരം മാസല - ഒന്നര ടീ സ്പൂൺ
മൈദ, എണ്ണ, ഉപ്പ് - ആവശ്യത്തിന്

**പാകം ചെയ്യുന്ന വിധം**

പാനിൽ എണ്ണയൊഴിച്ച് ഇഞ്ചി, വെളുത്തുള്ളി ഇവ അരിഞ്ഞത് വഴറ്റി, സബോളയും പച്ചമുളകും കറിവേപ്പിലയും ഇട്ട് നല്ലതുപോലെ വഴറ്റി അതിൽ മല്ലിയില അരിഞ്ഞതും, ഗരംമസാലയും, ഉരുളക്കിഴങ്ങ് പുഴുങ്ങി പൊടിച്ചതും ഉപ്പും ചേർത്ത് നന്നായി യോജിപ്പിക്കുക.

മുട്ട ഓരോന്നും നാലായി മുറിക്കണം. ഉരുളക്കിഴങ്ങ് കൂട്ട് ചെറിയ ഉരുളകളാക്കി കൈവെള്ളയിൽ വച്ച് ഒന്ന് പരത്തി മുട്ട അതിൽ വച്ച് മൈദ വെള്ളം ഒഴിച്ച് കുറുകെ കലക്കിയതിൽ മുക്കി. വറുത്ത് കോരുക.

## ബട്ടൂറാ

**ശോശാമ്മ പീറ്റർ, മണ്ണുംമ്മൂട്ടിൽ**




മൈദാ -കാൽ കപ്പ്
വെണ്ണ- ഒരു റ്റീസ്പൂൺ
ഇളം ചൂടു വെള്ളം- അര കപ്പ്
ഈസ്റ്റ് - അര റ്റീസ്പൂൺ
പഞ്ചസാര - ഒരു റ്റീസ് പൂൺ
മുട്ടയുടെ ഉണ്ണി - ഒന്ന്
ഉപ്പ് - ആവശ്യത്തിന്
വെള്ളം കുഴയ്ക്കാൻ - ആവശ്യത്തിന്

**പാകം ചെയ്യുന്ന വിധം**

അരകപ്പ് ചൂടു വെള്ളത്തിൽ ഈസ്റ്റും പഞ്ചസാരയും കലക്കി അരമണിക്കൂർ പൊങ്ങാൻ വെയ്ക്കുക.

മൈദയിൽ വെണ്ണ അടർത്തിയിട്ട് വിരൽ കൊണ്ട് യോജിപ്പിക്കുക. ഇതിൽ പൊങ്ങിയ ഈസ്റ്റും വെള്ളവും ചേർത്ത് മയത്തിൽ കുഴയ്ക്കുക. മുട്ടയുടെ ഉണ്ണിയും ചേർത്ത് വീണ്ടും കുഴച്ച് പൊങ്ങാൻ വയ്ക്കുക. പൊങ്ങിയതിനുശേഷം ഓരോ ചെറിയ ഉരുള എടുത്തു മാവു തൂകിയതിലിട്ട് പരത്തി അല്പം കട്ടിയുള്ള പൂരിയായി വറുത്ത് കോരി ചൂടോടെ കറി ചേർത്ത് ഉപയോഗിക്കുക.

**വാർത്ത: സഭ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു**



"പാവപ്പെട്ടവരെ സേവിക്കുക. അവർക്കുള്ളത് നൽകുകയെന്നത് ഔദാര്യമല്ല കടമയാണ്, നിർദ്ദേശമല്ല നിയമമാണ്." **- സെയിന്റ് ഗ്രിഗറി**

**വിദ്യാഭ്യാസ ധനസഹായം (സെറ്റ് ബുക്ക്) സംഭാവനകൾ നൽകി സഹായിക്കൂ.**

**യുവജനപ്രസ്ഥാനം**

**വാർത്തകൾ**

## ഇടവക നേതൃത്വം പുതിയ കരങ്ങളിലേക്ക്




2009–2010 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതി ഏപ്രിൽ 1 മുതൽ അധികാരം ഏറ്റെടുത്തു. കൈക്കാരനായി ശ്രീ. വി. റ്റി. ഫിലിപ്പ് വാലയിലും സെക്രട്ടറിയായി ശ്രീ. ജോബി തോമസ് വഷണതോട്ടത്തിലും പ്രവർത്തിക്കുന്നു. ശ്രീ. പി. കെ. സ്കറിയാ, ശ്രീ. ജയൻ സി. ഐപ്പ്, ശ്രീ. കുര്യൻ തോമസ്, ശ്രീ. ഒ. എം. ബാബു, ശ്രീ. പി. സി. ഏബ്രഹാം, ശ്രീ. ജോൺ മാത്യു, ശ്രീ. വി. എ. ജോൺ, ശ്രീ. പ്രദീഷ് ജേക്കബ്, ശ്രീ. റ്റി. എം. ജേക്കബ്, ശ്രീ. പി. കെ. ഏബ്രഹാം, ശ്രീ. മാത്യൂസ് ഏബ്രഹാം എന്നിവ കമ്മറ്റി അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു.

## ആത്മതപനത്തിന്റെ നാളുകളിൽ...

*(ഒന്നാം പേജിൽ നിന്നും തുടർച്ച)*

ആസ്പദമാക്കി മോശയുടെ മൂന്ന് സവിശേഷതകളായ പ്രതിസന്ധികളെ നേരിടുവാനുള്ള ധൈര്യം, നിൽക്കുന്ന സ്ഥലത്തെക്കുറിച്ചുള്ള തിരിച്ചറിവ് പൈതൃകത്തെക്കുറിച്ചുള്ള അവബോധം എന്നിവയെക്കുറിച്ച് പ്രഭാഷണം നടത്തി.

3–ാം ദിവസം:


15–ാം തീയതി ഓർത്തഡോക്സ് വൈദികസെമിനാരി അദ്ധ്യാപകനും പ്രസിദ്ധ സുവിശേഷ പ്രസംഗകനുമായ ഫ. സജി അമയിൽ വി. മർക്കോസിന്റെ സുവിശേഷം 5–ാം അദ്ധ്യായം 1–15 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുന്ന ഗദരയുടെ ഭൂതഗ്രസ്ഥനായ മനുഷ്യന്റെ പ്രത്യേകതകളെ കുറിച്ചും, ദൈവത്തെ തിരിച്ചറിഞ്ഞപ്പോൾ അവന്റെ ജീവിതത്തിൽ വന്ന മാറ്റത്തെക്കുറിച്ചും പ്രഭാഷണം നടത്തി.

**4–ാം ദിവസം**

22–ാം തീയതി കോട്ടയം ബസേലിയോസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ: ജേക്കബ് കുര്യൻ ഓണാട്ട് നോമ്പിന്റെ ആന്തരീക ഉദ്ദേശമായ വർജ്ജനം, അനുതാപം, ആർജ്ജനം, എന്നീ ഗുണങ്ങളെക്കുറിച്ച് വി. വേദപുസ്തകത്തെ അടിസ്ഥാനമാക്കി പ്രഭാഷണം നടത്തി.

5–ാം ദിവസം

29–ാം തീയതി നിരണം ഭദ്രാസനത്തിലെ സഞ്ചാര മിഷനായ സ്നേഹ സന്ദേശം ടീമിന്റെ ഗാനശുശ്രൂഷയും ടീം അംഗമായ ഫാ. ഗീവർഗീസിന്റെ വചന പ്രഭാഷണവും നടന്നു. സാന്നിധ്യത്തിലൂടെയും സംഭാവനകളിലൂടെയും സോറ്റീരിയ–2009നോട് സഹകരിച്ച എല്ലാവരോടും ഉള്ള നന്ദി അറിയിക്കുന്നു.



ഫാ. ഡോ. സാബു കുറിയാക്കോസ്, ഫാ. സജി അമയിൽ, പ്രൊഫ. ജേക്കബ് കുര്യൻ




## ഒ. വി. ബി. എസ്. എന്റെ ജീവിതത്തിൽ

*(അഞ്ചാം പേജിൽ നിന്നും തുടർച്ച)*

ണ്ടത്, മറിച്ച് ദൈവത്തിന്റെ പദ്ധതി സന്തോഷത്തോടെ അംഗീകരിക്കാനുള്ള മനസ്സ് നൽകണമേ എന്നാണ്. കഷ്ടതകൾ ദൈവം തരുന്നത് നമ്മളോടുള്ള അപ്രീതി നിമിത്തമല്ല മറിച്ച് നമ്മുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകളെ ഉണർത്തുവാനും നമ്മുടെ കഴിവുകേടുകളെ മനസ്സിലാക്കുവാനും, നമ്മിൽ മനുഷത്വം ഉണ്ടാകുവാനും (ഉദ: ഒരു രോഗിക്കേ മറ്റൊരു രോഗിയുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു) തുടങ്ങിയ വലിയ സത്യങ്ങൾ ലളിതമായ രീതിയിൽ മനസ്സിലാക്കിതരുന്നു.

ഒ. വി. ബി. എസ് - ന് നേതൃത്വം നൽകുന്നവരുടെ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടവയാണ്. ഒട്ടനവധി കഷ്ടങ്ങൾ സഹിച്ചുകൊണ്ട് നമ്മുടെ വരും തലമുറയ്ക്കായി അവർ യത്നിക്കുന്നു. അതിൽ നമ്മുടെ പൂർണ്ണസഹകരണം ഉറപ്പുവരുത്തേണ്ടതു നമ്മുടെ ചുമതലയാണ്, കടമയാണ്. അപ്പോൾ എല്ലാവരും ഈ വർഷത്തെ നമ്മുടെ ഒ. വി. ബി. എസി നായി ഉത്സാഹപൂർവ്വം പങ്കെടുക്കുമല്ലോ?

**വി. യൂദാ ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**



**ഒരു വിശ്വാസിയും കുടുംബവും**



## പാമ്പാടി പെരുന്നാൾ ഏപ്രിൽ 12, 13 തീയതികളിൽ

പ. കാതോലിക്കാ ബാവായും ശ്രേഷ്ഠ നിയുക്ത ബാവായും ഭദ്രാസന മെത്രാപ്പോലീത്താ അഭി. ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനിയും നേതൃത്വം നൽകുന്നു.

## മികച്ച യൂണിറ്റ്

അമയമന്നൂർ: കാരാട്ടു കുന്നേൽ സെന്റ് മേരീസ് യുവജന പ്രസ്ഥാനവും വടക്കൻ മണ്ണൂർ സെന്റ് തോമസ് യുവജനപ്രസ്ഥാനവും മണർകാട് ഡിസ്ട്രിക്റ്റിലെ 2008–2009 വർഷത്തെ മികച്ച യൂണിറ്റുകളായി തെരഞ്ഞെടുക്കപ്പെട്ടു.

### സഹായങ്ങൾ വിതരണം ചെയ്തു

അമയന്നൂർ: യുവജന പ്രസ്ഥാനത്തിന്റെ സാധുജന സംരക്ഷണ ഫണ്ടിൽ നിന്ന് 2009 ജനുവരി മുതൽ മാർച്ചു വരെയുള്ള കാലയളവിൽ വിവാഹസഹായമായി 10000 രൂപായും ചികിത്സാ സഹായമായി 5000 രൂപായും വിതരണം ചെയ്തു.

### നടയൻമാവുങ്കൽ ഇട്ടിയവിര & ഇട്ടിയവിര ജൂനിയർ സഹായ നിധി

അമയന്നൂർ: കാരാട്ടുകുന്നേൽ സെന്റ് മേരീസ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഈ സഹായനിധിയിൽ നിന്നും 10000 രൂപാ ചികിത്സാ സഹായമായി നല്കി.

### കാതോലിക്കാ ദിനാഘോഷവും ഡിസ്ട്രിക്ട് വാർഷികസമ്മേളനവും

അമയന്നൂർ: യുവജനങ്ങൾ സമൂഹനന്മക്കായി മുന്നിട്ടിറങ്ങുമ്പോഴാണ് അത്ഭുതകരമായ മാറ്റങ്ങൾ ഉണ്ടാവുകയെന്ന് ഡോ. ജോസഫ് മാർ ദിവന്നാസിയോസ് അഭിപ്രായപ്പെട്ടു. ഓർത്തഡോക്സ് യുവജന പ്രസ്ഥാനം മണർകാട് ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ നടന്ന കാതോലിക്കദിനാഘോഷവും വാർഷികവും ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡിസ്ട്രിക്ട് പ്രസിഡന്റ് റവ. ഫാ. കുര്യാക്കോസ് മാണി അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. തോമസ് പി. സ്കറിയ, റവ. ഫാ.പൗലോസ് നൈനാൻ, റവ. ഫാ. തോമസ് ആൻഡ്രൂസ്, ഡോ. സിബി. തരകൻ, ശ്രീ. ഫ്രാൻസിസ് ജോസഫ്, ശ്രീ. സാം വർഗീസ്, ഡോ. ജേക്കബ്ബ് മണ്ണുമ്മൂട്, ജോണിക്കുട്ടി മാമ്മൻ, സ്ലീബാ. സി. ഏബ്രഹാം, അനിൽ മോൻ എൻ. ഏ., മാത്യു പൈലി, അനീഷ് മാത്തശ്ശേരിൽ എന്നിവർ പ്രസംഗിച്ചു. പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫാ. ഒ. ടി. കുര്യാക്കോസിനെയും, ഡോക്ടറേറ്റ് ലഭിച്ച ശ്രീ. എം. കുര്യൻ തോമസിനെ ആദരിച്ചു.



**മണർകാട് ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ നടന്ന വാർഷിക സമ്മേളനം മാർ ദീവന്നാസ്യോസ് ഉദ്ഘാടനം ചെയ്യുന്നു.**

## കുരിശിൻതൊട്ടി നിർമ്മാണം പുരോഗമിക്കുന്നു

ശതാബ്ദിയോടനുബന്ധിച്ച് വഷണത്തോട്ടത്തിൽ കുടുംബം നിർമ്മിച്ച് നൽകുന്ന കുരിശടിയുടെ നിർമ്മാണം പുരോഗമിക്കുന്നു മെയ് മാസത്തിൽ പൂർത്തീകരിക്കണമെന്ന് ആഗ്രഹിക്കുന്നു. തുടർന്ന് റോഡുപണിയുടെ രണ്ടാംഘട്ടം ആരംഭിക്കേണ്ടതുണ്ട്. പള്ളിമുറ്റം ടൈൽ പാകുന്ന ജോലികൾ ഉടൻ ആരംഭിക്കും വി. മദ്ബഹായിലെ കുദ്കുദിശിൻ, ഹൈക്കലാ എന്നിവയുടെ നിർമ്മാണം ആഗസ്റ്റ് 15–ന് മുൻപ് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



## കൊടിമരം സ്ഥാപിച്ചു

ശതാബ്ദിയുടെ ഭാഗമായി തേക്കുങ്കൽ ശ്രീ. റ്റി. എം. മാത്യു നിർമ്മിച്ചു നൽകിയ കൊടിമരം 28/12/2008–ൽ ഇടവകയ്ക്ക് സമർപ്പിച്ചു. പിച്ചള കൊടിമരത്തിൽ ഉയർത്തുന്നതിനുള്ള കാതോലിക്കേറ്റ് പതാക, കാരാട്ടുകുന്നേൽ ഇടവകയ്ക്ക് അനുവാദ കൽപ്പന നൽകിയ പ. വട്ടശ്ശേരി തിരുമേനിയുടെ കബറിടം സ്ഥിതി ചെയ്യുന്ന പഴയ സെമിനാരിയിൽ നിന്നും വിവിധ വാഹനങ്ങളുടെ അകമ്പടിയോടെയും വിവിധ ദേവാലയങ്ങളുടെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി 5 മണിയോടെ പള്ളിയിൽ എത്തിച്ചേർന്നു.

പരിപാടികൾക്ക് റവ. ഫാ. തോമസ് ആൻഡ്രൂസ് മള്ളിയിൽ, റവ. ഫാ. റ്റി എ ജേക്കബ് തേക്കുങ്കൽ എന്നിവർ നേതൃത്വം നൽകി.

**ഭദ്രാസന വാർഷികം മെയ് 17–ന്**
**പാച്ചിറ താബോർ സെന്റ് മേരീസ് പള്ളിയിൽ**

Printed and Published by Fr. Thomas Andrews, President St. Mary's Youth Movement, Karattukunnel. Editor: Sleeba C. Abraham
E-mail Address: darshanamkarattukunnel@yahoo.com Printed at Sophia Print House, Kottayam, Ph: 0481 - 3255054, 99471 20697